
# PMS COLLEGE OF DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in



PMS COLLEGE OF DENTAL SCIENCE & RESEARCH PRESENTS

# GRAVITY

# PMS COLLEGE OF DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in

PMS COLLEGE OF DENTAL SCIENCE & RESEARCH PRESENTS

# GRAVITY

## 2017-2018

**Dr.P.S.THAHA**
Chairman
PMS COLLEGE OF
DENTAL SCIENCE & RESEARCH



## MESSAGE FROM CHAIRMAN

The PMS vision is to ensure our College first among all professional dental education institutions and to produce dental professionals with acme expertise, dedication and social commitment. This is seen reflected in the college magazine. Publishing college magazine is an act of joining the noble academic tradition. The readers of the magazine very well feel the pulse of the campus life.

The growth of PMS from the first self-financing Dental college in 2002 to a research center of Ph.D and other major studies is the result of keen dedication and hard work by our team of professionals, students and staff. The college is also the first NAAC accredited Dental College in Kerala. PMS Dental College students now have smart class rooms with lab attached facilities, interaction with International faculties and exposure to leading institutions of the world. For this PMS organized International Faculty Week in the College, signed MOU with foreign Universities like Rutgers University US for students and faculty exchange program and overall the campus is provided with excellent accommodation and other infrastructure facilities. Our students excelled in University examinations and stood first both in cultural events sports and games.

The green campus of PMS is a nostalgia for those loving their alma mater. I appreciate teachers and students behind the production of this college magazine and believe that this endeavor really makes an added effort to our mission of producing global dentists of tomorrow.

**Chairman**

**Dr. N.O. VARGHESE. MDS**
Principal
PMS COLLEGE OF
DENTAL SCIENCE & RESEARCH



## പ്രിൻസിപ്പൽ

ഒരു വട്ടം കൂടി ഓർമ്മകൾ മേയുന്ന കലാലയ മുറ്റത്ത് എത്താൻ കൊതിക്കുന്നവരും പി.എം.എസ്. ഡന്റൽ കോളേജിനെ സ്നേഹിക്കുന്നവർക്കും ഒരുപോലെ ഉപഹാരമായി കാത്തു സൂക്ഷിക്കാൻ ഇഷ്ടപ്പെടുന്ന രീതിയിലുള്ള കോളേജ് മാഗസീനാണ് ഈ വർഷം പി.എം.എസ്. ഡെന്റൽ കോളേജ് പ്രസിദ്ധീകരിക്കുന്നത്.

ഇതിൽ ചിന്തകൾ ഉണർത്തുന്നതും ഭാവന മികവും കൊണ്ട് ഉത്തമമായ രചനകൾ ചേർത്തിട്ടുണ്ട്. ഒപ്പം കലാലയത്തിലെ മനോഹര നിമിഷങ്ങളുടെ ചിത്രീകരണ ദൃശ്യങ്ങളും. ഡന്റൽ കോളേജിൽ ആതുര ശുശ്രൂഷകരാകാൻ പഠിക്കുന്ന വിദ്യാർത്ഥികൾ വെറും പഠിതാക്കൾ മാത്രമല്ല. അവർ സമൂഹത്തിന്റെ വേദനയകറ്റാൻ പ്രവർത്തിക്കാം എന്ന വലിയ ബാധ്യത ഏറ്റെടുത്തവർ കൂടിയാണ്. അർപ്പണമനോഭാവത്തോടെ തങ്ങളുടെ പ്രൊഫഷണൽ ബാധ്യത വിജയകരമാക്കാനുള്ള പരിശീലനവും അവർക്ക് പി.എം.എസ്സിൽ ലഭിക്കുന്നുണ്ട്.

ക്യാമ്പസ് ജീവിതത്തിന്റെ പൾസ് ചിത്രീകരിച്ചിരിക്കുന്ന ഈ കോളേജ് മാഗസിന്റെ ഓരോ പേജും പി.എം.എസ്സിന്റെ ഉൾത്തുടിപ്പുകൾ അറിഞ്ഞവരുടെ രചനകളാണ്. മാഗസിൻ തയ്യാറാക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച അധ്യാപകരേയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നതിനോടൊപ്പം ഞങ്ങൾക്ക് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ പി.എം.എസ്. ഡന്റൽ കോളേജ് ചെയർമാൻ ഡോ. പി.എസ്. താഹയ്ക്കും നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

**പ്രിൻസിപ്പൽ**

## TRAINING PROGRAM ON ANTI RAGGING

















# BLOOD DONATION

















# CHRISTMAS CELEBRATION






















# COLLEGE DAY



























# COLLEGE DAY





















# CONVOCATION DAY
























# DENTISTS DAY 2018























# REPUBLIC DAY





# TALK BY DR. SUNIL RAJ





# UG INDUCTION
















പുറത്ത് നല്ല മഴയുണ്ട്. കാലവർഷം തകർത്ത് പെയ്യുകയാണ്. ഓടിൽ മഴ ഇരച്ചു വീഴുന്ന ശബ്ദം നന്നേ കേൾക്കുന്നുണ്ട്.

അപ്പൂ.... എഴുന്നേൽക്കുന്നില്ലേ? നേരമിത് എത്രയാന്ന് അറിയ്യോ? അമ്മയുടെ സ്വരം കേട്ടാണ് കണ്ണ് തുറന്നത്. എഴുന്നേൽക്കാൻ തോന്നുന്നതേ ഇല്ല. പതിയെ പുതപ്പിനുള്ളിൽ വീണ്ടും ചുരുണ്ടുകൂടാൻ ഭാവിച്ചപ്പോഴേക്കും അമ്മ കയ്യോടെ പിടിച്ചിരുന്നു.

അപ്പൂ..... ടാ മടിയാ..... എഴുന്നേൽക്ക് സമയം ഏഴര ആയി പള്ളിക്കൂടത്തിൽ പോവണ്ടേ?

ശ്ശേ..... ഈ അമ്മ.... ഒന്ന് ഉറങ്ങാൻ കൂടി സമ്മതിക്കുന്നില്ല സ്കൂളോ? ഒരു മഴ ദിവസമായിട്ട് ???? ചന്തുവും അമ്മുവും കൂട്ടാപ്പിയും ഒന്നും സ്കൂളിൽ പോകില്ലായിരിക്കും. ഞാൻ മനസ്സിലോർത്തു. ഇന്ന് തൊടിയിൽ വെള്ളം പൊങ്ങും. കളിച്ചങ്ങാടമുണ്ടാക്കാം. മുങ്ങാങ്കുഴിയിടാം. തോണി ഉണ്ടാക്കി കളിക്കാം....

അങ്ങനെ അങ്ങനെ ഇന്ന് ഒരു ദിവസത്തേക്ക് ഉള്ള മുഴുവൻ പദ്ധതികളും ടൈം ടേബിൾ പോലെ മനസ്സിലേക്ക് തെളിഞ്ഞ് വന്നു.

നിന്നോട് എഴുന്നേക്കാനാ പറയണത് അപ്പുവേ.... ഇല്ലെങ്കിൽ എന്റെ കയ്യിന്ന് നീ നല്ല അടി വാങ്ങും കേട്ടോ... അമ്മ പിന്നെയും എന്റെ സ്വപ്നത്തിനിടയിലേക്ക് കാഹളം മുഴക്കി വന്നു.

എങ്ങനെയെങ്കിലും ഇന്ന് പള്ളിക്കൂടത്തിൽ പോകാതിരുന്നേ തീരൂ. ഞാൻ മനസ്സിൽ ഉറപ്പിച്ചു.

ഒരു വശത്ത് മഴയും, തൊടിയും അമ്മുവും ചന്തുവും കൂട്ടാപ്പിയും മറുവശത്ത് പള്ളിക്കൂടം, മാഷ്, പുസ്തകം ഓ..അത് ചിന്തിക്കാൻ പോലും ആകുന്നില്ല.

മെല്ലെ പുതപ്പിനിടയിൽ നിന്ന് എഴുന്നേറ്റ് കട്ടിലിൽ നിന്ന് ഊർന്നിറങ്ങി. അടുക്കളയിലേക്ക് നടന്നു.

അമ്മേ... അപ്പുവിന് പനിയാ... ഒരു കൊഞ്ചലോടെ അമ്മയെ ധരിപ്പിച്ചു. പനിയോ? അമ്മ ഉള്ളം കൈ മെല്ലെ എന്റെ നെറ്റിയിൽ ചേർത്ത് നോക്കി. ഞാൻ ഒരു പനിയും കാണണില്ലല്ലേ.... മടിയാ.... ഇന്ന് പള്ളിക്കൂടത്തിൽ പോകാതിരിക്കാനുള്ള അടവല്ലേ നിന്റെ? അല്ലേലും അമ്മയ്ക്ക് പെട്ടന്ന് കള്ളം തിരിച്ചറിയാൻ പറ്റും. ദേ ചായ കുടിക്ക്. എന്നിട്ട് വേഗം ഒരുങ്ങിവാ... കാപ്പി എടുത്ത് വയ്ക്കാം. അമ്മ കൊണ്ട് വിടാം അപ്പൂനെ.. വാത്സല്യത്തോടെ അമ്മ പറഞ്ഞു നിർത്തി. പക്ഷേ എന്റെ മനസ്സിൽ ഇന്നത്തേക്ക് ഒരുക്കിയ പദ്ധതികൾ മാത്രമായിരു

ന്നു.

മഴയുടെ ശക്തി കൂടി കൂടി വരുന്നുണ്ട്. ഇനി ഒരു വഴിയേ ഉള്ളൂ. അച്ഛൻ ഉമ്മറത്തിരിക്കുന്ന അച്ഛന്റെ അരികിലേക്ക് മെല്ലെ നടന്നു.

ഉമ്മറത്ത് പത്രം വായിച്ചിരിക്കുകയാണ് അച്ഛൻ. പനിയാണെന്ന് അച്ഛനെ ധരിപ്പിക്കാം. അച്ഛൻ എന്തായാലും സമ്മതിക്കും. ഞാൻ മനസ്സിൽ ഉറപ്പിച്ചു. ഉമ്മറത്തു പോയി അരമതിലിൽ മെല്ലെ ഇരുന്നു. എന്താ അപ്പൂ... ഇന്ന് പോണില്ലേ നീയ്? പത്രത്തിൽ നിന്ന് മുഖമെടുക്കാതെ അച്ഛൻ തിരക്കി. ഒന്നും മിണ്ടാതെ ഞാൻ തളർന്നിരുന്നു. ഇല്ലാത്ത ഒരു അവശത അഭിനയിക്കാനും മടിച്ചില്ല. അച്ഛൻ മെല്ലെ പത്രത്തിൽ നിന്ന് കണ്ണ് പൊന്തിച്ച് എന്നെ ഒന്ന് നോക്കി. എന്താ മോന് വയ്യേ. അച്ഛൻ വാത്സല്യത്തോടെ അന്വേഷിച്ചു. വയ്യ അച്ഛാ... അപ്പുവിന് പനിയാ ഞാൻ ക്ഷീണം നടിച്ച് പറഞ്ഞു.

ആണോ? എങ്കിലിന്നിനി മോൻ പള്ളിക്കൂടത്തിൽ പോകണ്ട കേട്ടോ... അച്ഛൻ പറഞ്ഞു.

ലതേ... മോനെ ഇന്ന് വിടണ്ട. അവന് നല്ല സുഖമില്ല. പോരാത്തതിന് മഴയല്ലേ?... അച്ഛൻ അകത്തേക്ക് നോക്കി ഉറക്കെ വിളിച്ചു പറഞ്ഞു.

സന്തോഷംകൊണ്ട് മനസ്സ് തുള്ളിച്ചാടി. എന്നിരുന്നാലും പനി ഇല്ലാന്ന് തോന്നരുതല്ലോ. അതുകൊണ്ട് അമിതാഹ്ലാദം മുഖത്ത് കാണിക്കാതെ മെല്ലെ അകത്തേക്ക് നടന്നു.

നിന്റെ വാശി ജയിച്ചല്ലോ? മടിയൻ അല്ലേലും അച്ഛനാ നിന്നെ വഷളാക്കണെ അമ്മ അരിശം കലർന്ന സ്വരത്തിൽ പറഞ്ഞു.

എങ്ങനെയൊക്കെയോ കുളിച്ചു പ്രാതൽ കഴിച്ചെന്ന് വരുത്തി ഞാൻ കാത്തിരുന്നു. ചന്തു വന്ന് വിളിക്കുമായിരിക്കും. വിളിച്ചാലും എങ്ങനെ പോകും? പനിയെന്ന് പറയണ്ടാരുന്നു എന്ന് മനസ്സിൽ തോന്നി.

എന്തായാലും പതിവ് തെറ്റിക്കാതെ ചന്തുവും കൂട്ടരും എത്തി. അപ്പോഴേക്ക് മഴ തെല്ല് ശമിച്ചിരുന്നു. ആദ്യമൊക്കെ അമ്മ കടുംപിടുത്തത്തിലായിരുന്നെങ്കിലും എന്റെ ശാഠ്യത്തിനു മുന്നിൽ അമ്മതോറ്റു. കൂടാതെ അച്ഛന്റെ വക അമ്മയ്ക്ക് ഉപദേശവും ലതേ.... അവൻ പോയി കളിച്ചിട്ട് വരട്ടെ... അവന്റെ പനി ഒക്കെ മാറി അവൻ ഉഷാറാകും. അപ്പൂ മഴയത്തിറങ്ങരുത് നീ... രമണി ചിറ്റയുടെ വീട്ടിൽ ഇരുന്ന് കളിച്ചാൽമതി അച്ഛൻ വിളിച്ചു പറയുന്നുണ്ടായിരുന്നു. ഓടുന്നിതിനിടയിൽ തലകുലുക്കി എന്ന് വരുത്തി. ലോകം കീഴടക്കിയ സന്തോഷത്തിൽ ഞാൻ തുള്ളിച്ചാടി. മഴ ചെറുതായി ചാറുന്നുണ്ട്. മാനം കറുത്തിരുണ്ട് തന്നെ.

പിന്നെ കടലാസ് തോണി ഉണ്ടാക്കലായി, കളിയാക്കി, മുങ്ങാങ്കുഴി ഇടലായി. തിമിർപ്പ് തന്നെ.

ഇതിന്റെ ഇടയിലാണ് അമ്മുവിന്റെ കാലിലെ ഒരു കൊലുസ് കളഞ്ഞ് പോയത്. അവൾ കരച്ചിലായി. പാടത്ത് എവിടെയോ പോയതാണ്. കാലിൽ അവശേഷിച്ച ആ ഒരു കൊലുസ് കളഞ്ഞു പോകാതിരിക്കാനായി ഞാൻ അത് എടുത്ത് ഒരു ഞാറ് പൊക്കി ചെളിയിൽ തിരുകി. പിന്നീട് നഷ്ടപ്പെട്ട കൊലുസിനുവേണ്ടി അന്വേഷണം. അങ്ങനെ സമയം നീണ്ടുപോയി. കളി നിർത്തി പോകാമെന്ന് കരുതി. നഷ്ടപ്പെട്ട കൊലുസിനെപ്പറ്റി വീട്ടിൽ പറയാമെന്ന് പറഞ്ഞ് അമ്മുവിനെ ആശ്വസിപ്പിച്ചു. തിരികെ വന്ന് സുരക്ഷിതമാക്കിയ കൊലുസ് എടുത്തു കൊടുക്കാനായ് പോയി. അപ്പോഴാണ് പറ്റിയ അമളി മനസ്സിലാക്കത്. ഏത് ഞാറിനടിയിലാണ് അത് ഒളിപ്പിച്ചത് എന്ന് ഓർമ്മിയില്ല. എല്ലാ ഞാറും ഒരുപോലെ പിന്നെ അതിനായി അന്വേഷണം.

അമ്മു നിർത്താതെ കരയാൻ തുടങ്ങി. അപ്പോഴാണ് അപ്പൂ... എന്ന വിളികേട്ടത്. അമ്മയാണ്. പേടിച്ച് ഞാൻ വീട്ടിലേക്ക് ഓടി. എത്രനേരം ആയീന്ന് അറിയോ അപ്പൂവേ... എത്രനേരമായി നിന്നെ വിളിക്കുന്നു അമ്മയുടെ ശകാരം തുടങ്ങി. ഞാൻ ഒന്നും കേൾക്കാതെ മുറിയിൽ പോയി കട്ടിലിൽ അമർന്നു.

അമ്മൂ... അവൾ വീട്ടില് പറയല്ലേ... അച്ഛൻ അറിഞ്ഞാൽ തീർന്നു. അവളുടെ കൊലുസ് ഇനി കിട്ടിക്കാണുമോ? പേടിച്ച് ഉത്തരത്തിലേക്ക് നോക്കി കിടന്നു. എന്താ നിനക്ക് പറ്റിയേ പനി കൂടിയോ അമ്മ അരികിൽ വന്നു. കരിമ്പടം പുതപ്പിച്ച് എന്നെ കിടത്തി. അമ്മയ്ക്കറിലല്ലോ എന്റെ മനസ്സിലൂടെ പായുന്ന ചിന്തകൾ.

എപ്പോഴോ ഞാൻ ഉറങ്ങിപ്പോയി. വെള്ളത്തുള്ളി നെറ്റിയിൽ പതിച്ചപ്പോഴാണ് ഞാൻ പിന്നെ ഉണർന്നത്.

ഓട് ചോർന്നു തുടങ്ങിയോ എന്ന് മനസ്സിൽ ചിന്തിച്ചു. കണ്ണു തുറന്നു നോക്കിയപ്പോൾ നേരം പുലർന്നിരുന്നു. ഭാര്യ കുളികഴിഞ്ഞ് വന്ന് ഈറൻ മുടി കോതുന്നു. അടുത്ത് ഒന്നര വയസ്സുള്ള മകൻ എന്റെ സ്മാർട്ട് ഫോൺ കയ്യിൽ മുറുകെ പിടിച്ചിരിക്കുന്നു. മെല്ലെ കട്ടിലിൽ നിന്ന് എഴുന്നേറ്റ് ഉമ്മറത്തേക്ക് നോക്കി.

മഴ നന്നായി പെയ്യുന്നുണ്ട് എങ്കിലും ആളുകൾ ജോലിക്ക് പോകുന്നുണ്ട്. വണ്ടിയുടെ ഫോൺ അടികൾ കേൾക്കാം.

ഒരിക്കൽക്കൂടി ആ കാലം തിരിച്ചുകിട്ടിയിരുന്നെങ്കിൽ അയാൾ ദൂരേക്ക് നോക്കി നെടുവീർപ്പിട്ടു.



# അതിജീവനം

അമ്മതൻ ഗർഭപാത്രത്തിൽ,
ഞാൻ ഞെരിപിരികൊള്ളവെ
ദൈവത്തിൻ കൈയ്യുപേറി ഞാൻ
മുന്നോട്ടു നീങ്ങി.
നന്നേച്ചെറിയിതാണും എന്റെ പാത
ഞാൻ കരഞ്ഞ്, ഞെരുങ്ങി, തളർന്നു
ദൈവം എനിക്കു കുരുത്തു തന്നു
ഞാൻ ലോകം കണ്ടു, അതെ ഞാൻ
ആ പാത അതിജീവിച്ചു.
ജീവിതപാതയിൽ പ്രശ്നങ്ങൾ
എന്നെ കാർകോടകന്മാരെപ്പോലെ
പിന്തുടർന്നു.....
ഒരുനാൾ അതും സംഭവിച്ചു,
എന്നെ പിച്ചിച്ചീന്തി
അതാ ആ കാമഭ്രാന്തന്മാർ
ഞാൻ ഉറക്കെ കരഞ്ഞു, നിലവിളിച്ചു.
ആരും വന്നില്ല, ആരും......
ദൈവം എന്നോടു പറഞ്ഞു
നിനക്കു കഴിയും അതിജീവിക്കു,
അതെ എന്റെ ശരീരം പിച്ചിച്ചീന്തിയേക്കാം
എൻ മനസ്സ് അതു കരുത്താർജിച്ചു
ഞാൻ അതിജീവിച്ചു...

ഞാൻ എൻ ഇണക്കിളിയൊടൊപ്പം,
പറന്നു പറന്നു...
പറക്കുന്ന എൻ ചിറകുകൾ,
അതാ ഒരു വേടൻ
വെട്ടി വീഴ്ത്തി,
ഞാൻ കരഞ്ഞില്ല, നിലവിളിച്ചില്ല.
എന്നാൽ എൻ കുഞ്ഞുമക്കളും
കരഞ്ഞേക്കാം...
ആ പൈതങ്ങളെയും ചിറകിൻചൂടിൽ മറച്ചു
ഞാൻ പറന്നു പുതിയ മലകൾ
പുതിയ തീരങ്ങൾ, പുതിയ നഗരങ്ങൾ
അതിജീവനത്തിന്റെ പുതിയമുഖമായി.
ജീവിതം തിരശീല താഴാറായി,
കുറേ വേഷങ്ങൾ, കുറേ മുഖങ്ങൾ
കുറേ തെറ്റുകൾ, കുറേ കണ്ടെത്തലുകൾ
ജീവിതയാത്രയിൽ കൂർത്ത കല്ലുകൾ
ചവിട്ടി ചവിട്ടി കാലുകൾ വിണ്ടുകീറി
പ്രകൃതിയെന്നാ മാതാവ്
അതീജീവനമാർഗത്താൽ
എന്നെ രക്ഷിച്ചു, ഊർജ്ജം തന്നു
നന്ദി നന്ദി അമ്മേ നന്ദി......



# ഭൂമിതൻ നൊമ്പരം

"'ലോകാസമസ്താസുഖിനോഭവന്തു".

തികച്ചും ആനുകാലിക പ്രസക്തിയുള്ള വിഷയമാണിത്. ആധുനികലോകത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ മാറ്റങ്ങളുടെ ഉറവിടം തേടിപോയാൽ ചെന്നെത്തുന്നത് നമ്മുടെ പ്രാചീനമനുഷ്യരിലാണ്. അതെ നമ്മുടെ പൂർവ്വികർ!

ഭൂമിയെ പവിത്രതയോടെ കണ്ടിരുന്നവരാണ് നമ്മുടെ പൂർവ്വികർ! സ്വന്തം മാതാവിനെക്കാളേറെ ഭൂമിയെ സ്നേഹിച്ചവർ. എന്നാൽ തലമുറകൾ കഴിഞ്ഞപ്പോൾ ഭൂമീദേവി വേദനകൊണ്ടു പുളയുകയാണ്. പൊന്നിൻ നിറമുള്ള കതിരുകൾ നിറഞ്ഞാടിയിരുന്ന പാടങ്ങൾ കരിഞ്ഞുണങ്ങി പൊളിഞ്ഞ് പോയിരിക്കുന്നു. ആകാശനീല ചാരുതയണിഞ്ഞ പുഴകളെ വിഴുങ്ങികൊണ്ട് പായലുകൾ എത്തിയിരിക്കുന്നു. എന്തിന് മണവും നിറവും രുചിയുമുള്ള നമ്മുടെ മണ്ണ് പോലും നമ്മുടെ കൈവിട്ട് പോയിരിക്കുന്നു. ആഗോളതാപനം, ആണവവൽക്കരണം എന്നിവയുടെയൊക്കെ പിടിയിലാണ് നാം ഇന്ന്. ജീവചരാചരങ്ങൾക്ക് എല്ലാം വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. മൃഗത്തോലണി

ഞ്ഞ് കാട്ടാളരൂപം പുറത്തുകാട്ടുന്ന നവീനഭൂമിയിലെ അന്തേവാസികൾ ആണ് പ്രധാന കാരണം. അതെ, നമ്മൾ എവിടെ നിർത്തിയോ അവിടെ നിന്നുതന്നെ തുടങ്ങണം. മാറണം നമ്മൾ മാറേണ്ടിയിരിക്കുന്നു.

ഭൂമിയിലെ എല്ലാ ചരാചരങ്ങളും ഈ മാറ്റം കൈവരിക്കാൻ വേണ്ടി പ്രയത്നിക്കേണ്ടിയിരിക്കുന്നു. തുടങ്ങുകയാണ് ഞാൻ ഇന്നുതന്നെ എന്റെ ഭൂമിയെ ഭൂമിദേവിയാക്കാൻ വേണ്ടിയുള്ള എന്റെ പരിശ്രമം.

അണുകുടുംബങ്ങളേക്കാൾ ആരോഗ്യപരമായ ജീവിതമാണ് കൂട്ടുകുടുംബങ്ങൾ കാഴ്ചവെയ്ക്കുന്നത്. മുൻ തലമുറക്കാരുടെ അറിവുകൾ നമുക്ക് ഒരുപാട് ഗുണംചെയ്യും. അവരുടെ ആശയങ്ങളെ സാധൂകരിച്ച അത് പഞ്ചായത്തിലും, മുൻസിപ്പാലിറ്റിയിലും, അവിടന്ന് കോർപ്പറേഷനിലും കൊണ്ടെത്തിക്കുക. ഇതുപോലെ നാനാഭാഗത്തും നിന്നുള്ള ആശയങ്ങളെ ചങ്ങലപോലെ യോജിപ്പിച്ച് പ്രാവർത്തികമാക്കിയെടുക്കുക.

വരും തലമുറയിലൂടെ നമുക്ക് പലകാര്യങ്ങളും പ്രാവർത്തികം ആക്കാൻ സാധിക്കും. അതെ, വിദ്യാലയങ്ങളിൽ നിന്ന് തുടങ്ങുക, നിരവധി ബോധവൽക്കരണ ക്ലാസുകളിലൂടെ ആശയങ്ങളേയും അവയുടെ പരിഹാരങ്ങളേയും, ഗുണദോഷങ്ങളേയും നമുക്ക് അറിയാൻ സാധിക്കും.

ഒക്ടോബർ '2' ഗാന്ധിജയന്തി നമ്മൾ സേവനവാരമായി കണക്കിലെടുത്ത് അന്ന് മാത്രം വീടും പരിസരവും വൃത്തിയാക്കുന്നതിന് പകരം എല്ലാ ദിനവും സേവനവാരമായി കണേണ്ടിയിരിക്കുന്നു. അതെ, തുടങ്ങുക സ്വന്തം വീട്ടിൽ നിന്ന് വൃത്തിയാക്കലിന്റെ ആദ്യചവിട്ടുപടി.

" തുടച്ചുമാറ്റുക യന്ത്രങ്ങളെ" അതെ നമ്മുടെ നാട്ടിനും നാട്ടുകാർക്കും ദോഷം വരുന്ന ഒരു യന്ത്രത്തേയും പ്രവർത്തിപ്പിക്കാനോ പ്രോത്സാഹിപ്പിക്കാനോ പാടില്ല. ചവറ്റുകുട്ടയിലേക്ക് എറിയുകയാണ് ചെയ്യേണ്ടത് അവയെയൊക്കെ.

"മാലിന്യസംസ്കരണപദ്ധതി" നടപ്പിലാക്കുക. ഓരോ പഞ്ചായത്തിലും മാലിന്യസംസ്കരണ പ്ലാന്റ് നിക്ഷേപിക്കുക. അവയിലൂടെ ഒരു പരിധിവരെ മാലിന്യം നിവാരണം ചെയ്യാം.

ഓരോ പൗരനും, അവന്റെ കുടുംബവും, നാട്ടുകാരും ഒറ്റക്കെട്ടായി കൈകൾകോർത്ത് പിടിച്ചാലെ നമുക്ക് നല്ലൊരു നാളെയെ വാർത്തെടുക്കാൻ സാധിക്കൂ.

"മാറേണ്ടത് നമ്മളാണ് നമ്മൾ മാത്രം". ദൈവം സൃഷ്ടിച്ച വേറൊരു ജീവിക്കും യാതൊരു പങ്കുമില്ല. മാറേണ്ടത് നാം മനുഷ്യർ! അതെ ബുദ്ധിയും ശക്തിയും മറ്റെല്ലാവികാരവും കൊടുത്ത് ശില്പി പണിതെടുത്ത വെറും ശിലയായ നമ്മളിലാണ് ആ മാറ്റം വരേണ്ടത്.

തുടയ്ക്കുക കറുപ്പുകളെല്ലാം, ദുഷ്ചിന്തകളെല്ലാം മാറ്റിവെയ്ച്ചു. നല്ലത് മാത്രം ചെയ്യാനൊരുങ്ങുന്ന ജനതയെയാണ് കാണേണ്ടത്. "മനുഷ്യാനീ വാഴണമീ ഭൂമിയിലെങ്കിൽ തിരിച്ചറിയുക ഇത് വെറും ഭൂമിയല്ല പെറ്റമ്മയെപോലെ നിന്നിലെ നിന്നെ തിരിച്ചറിഞ്ഞ ഭൂമീദേവതയാണിത്".

ആ ദേവിക്ക് ജീവന്റെ കണികപോലുമില്ലാതെ ഈ ഭൂമിയെ തുടച്ചുനീക്കാൻ ഒരു കണ്ണിമയുടെ നിമിഷംപോലും ആവശ്യമില്ല. ജീവിക്കുക കൊതിതീരുവോളം നമ്മുടെ ഈ ഭൂമിയിൽ, അതിന്റെ ആഴങ്ങളിൽ ആനന്ദനിർവൃതിയണിഞ്ഞ്!

# മാതൃത്വം



വെള്ളി നൂൽ ഇഴകളാൽ നെയ്തെടുത്ത
പച്ചപരവതാനിവിരിച്ച മമ കേരളം!
        പോർക്കളത്തിൻ ചുടുചോരഗന്ധമു-
        ത്ഭവിച്ചീടുന്ന മമ മണ്ണിൽ നിന്നും!
പച്ചപ്പട്ട് പാവാടതൻ പൂക്കളെപോലെ കളി-
ചിരികൾ പങ്ക് വയ്ക്കുമീ കൃഷിയിടങ്ങൾ;
        ആരോപിച്ചിനോവിച്ച മിഴിയിൽ നിന്നും ഉറ
വി-
        ടുന്ന കണ്ണീരിനാൽ നനഞ്ഞു നാം..
വേനലും ശൈത്യവും മാറിവന്നു.
ശിശിരവും വസന്തവും കഴിഞ്ഞുപോൽ
        ആകാശഗോപുരമുയർന്നുപോൽ, ആഗോള
താപന-
        ആധുനികവത്കരണത്തിലകപെട്ടൊരീ
പെൺകിടാവ്.....
പിൻവരവില്ലെന്നെറിയാമെങ്കിലും സഖീ.. നിൻ
കാർമുഖം കണ്ടെൻ കണ്ണൊന്നുനനഞ്ഞുപോയി
        ഹാ...........! ദൈവമേ
        എന്തിനാ കൊടുച്ചതീ......
        നൂലിഴകൾ ഓരോന്നായിഴിച്ചവളുടെ
        നഗ്നമേനി പ്രദർശിപ്പിച്ചീടമോനീ.........
നിസ്സഹായയാം ജാനകീ
പുത്രി ജനനിതൻ മറോട് ചേർന്നു.............
ഈറൻ മിഴിചുവടുകൾ തുടയ്ക്കാൻ ആരുമില്ലാതീ
പെൺകിടാവ്!
        ഇഗ്ഗതി അസഹനീയമെന്ന് ഓർത്തീടുപോൽ
        തൻമാറോട് ചേർത്തു പൊതിഞ്ഞാകാറ്റും മഴ
യും.........
കരികവിഞ്ഞൊഴുകിയ പുഴകൾതൻ പൂർവ്വികർ
പാത പിന്തിടർന്നുപോൽ..........
        മാതൃസ്നേഹം നിറഞ്ഞൊഴികയവളുടെ-
        കണ്ണുനീർ തുടച്ച് പാഞ്ഞ് പോയി.
തൻമകളുടെ ദുഃഖത്തിനിരയാവരെല്ലാം-
ആകുലചിത്തഭരിതരായിരിക്കവേ......
ജനനിതൻ വിളികേട്ടു നടുങ്ങീ
പൊടുന്നനെ നൽകീ ജീവനവൾക്കുപ്പോയീ............
നോവുകളും വേദനകളും പതിഞ്ഞണഞ്ഞു
മൂകവും സന്ധ്യയും കഴിഞ്ഞുപോയ്
അറിയില്ലവൾക്കീ പകയും പരാതിയും പരിഭവവും
        നൽകീയതൻ മക്കൾക്ക് നവകേരളം
ജാതിമതവർണവിവേചനമൊരു മാപ്പ് കട്ടപോൽ-
തുടച്ചുനീക്കി പണിതുയർത്തി നവ കേരളം.



# വിവര സാങ്കേതികവിദ്യയും വർത്തമാന സാമൂഹിക ജീവിത ബന്ധങ്ങളും

"'നാടോടുമ്പോൾ നടുവേ ഓടണം" എന്നാരോ പണ്ടു പറഞ്ഞതുപോലെ അക്ഷരംപ്രതി തെറ്റാതെ അത് അനുകരിക്കാൻ പാടുപെടുന്ന മലയാള ജനത്തിന്റെ ത്വര പ്രശംസനീയമാണ്. വികസനം വളരെ അത്യാവശ്യഘടകമാണ്. അതിനാൽ വിവര സാങ്കേതിക വിദ്യയും ഇന്നത്തെ സമൂഹത്തിൽ പ്രാധാന്യമർഹിക്കുന്നു. 'ഇന്റർനെറ്റ്' എന്ന് ചെല്ലപേരിട്ടു വിളിക്കുന്ന ശാസ്ത്രത്തിന്റെ നൂതന സാങ്കേതിക വിദ്യയുടെ മായാവലയത്തിൽ ആണ് ഇന്ന് കേരളജനത ഒന്നാകെ. മൊബൈൽ ഫോണുകൾ ഇല്ലാഞ്ഞൊരു ദിവസം കേരളത്തിന് ഇന്ന് ചിന്തിക്കാൻ തന്നെ ബുദ്ധിമുട്ടാണ്.

ഒന്നു വിരലമർത്തിയാൽ ലോകം മുഴുവൻ കൺമുമ്പിൽ, വളരെ സുഖകരമായൊരു വാർത്തയാണെങ്കിലും പതുങ്ങിയിരിക്കുന്ന ചതിക്കുഴികൾ നമ്മൾ ആരും തന്നെ മനസിലാക്കാൻ ശ്രമിക്കുന്നില്ല.

ആധുനിക കാലത്തിന്റെ ചിഹ്നങ്ങളാണ് മൊബൈൽഫോണും വൈഫെയും. കമ്പ്യൂട്ടറോളം തന്നെ സാങ്കേതിക വിദ്യയിൽ മികവ് തെളിയിച്ച ഒന്നാണ് മൊബൈലുകൾ. ആരോടും എന്തിനെക്കുറിച്ച വേണമെങ്കിലും ചർച്ചചെയ്യാം, അഭിപ്രായങ്ങൾ പങ്കുവയ്ക്കാം, വിജ്ഞാനം നേടിയെടുക്കാം അകലെ നിൽക്കുന്നവരെ പരിചയപ്പെടാം, സംസ്കാരങ്ങൾ പങ്കുവെയ്ക്കാം. പഠിക്കാം, ലോകത്തിന്റെ സ്പന്ദനങ്ങൾ തൊട്ടറിയാം. അങ്ങനെയൊരുപാടു നേട്ടങ്ങൾ ഇവ സമ്മാനിച്ചു.

തിരക്കിട്ടു ഓടുന്ന ജീവിതത്തിൽ അതിലും തിരക്കിട്ടു തിരയുന്ന സെർച്ച് എൻജിനുകൾ. എന്തിനും ഏതിനും ഉത്തരങ്ങൾ. ശരിക്കും ആരോടും ഒന്നിനോടും സംസാരിക്കാൻ തക്ക കാരണങ്ങൾ ഇല്ല. എല്ലാവരുടെയും അച്ഛനും അമ്മയും ഒക്കെ ഗൂഗിളാണ്.

പണ്ടു "മാനം മുട്ടെ വളരണം", "ആകാശ

ത്തോളം ചെന്നെത്തണം" എന്നൊക്കെയായിരുന്നു അതിശയോക്തികൾ ഇപ്പോൾ "ഭൂമിനോക്കി, അതായത് വ്യക്തമായി പറഞ്ഞാൽ മൊബൈലുകൾ നോക്കി കുമ്പിട്ടുപോയ ഒരു യുവതലമുറയാണ് വാർത്തെടുക്കപ്പെടുന്നത്.

ആർക്കും ആരോടും, ഒന്നിനോടും ഒരു പ്രതിബദ്ധതയില്ല. രാവിലെ എഴുന്നേർക്കുന്നു. വാട്സആപ്പ് തുറക്കുന്നു, ഗുഡ്മോർണിംഗ് മെസേജുകൾ അയക്കുന്നു. ചായയുമായി മകനെയുണർത്താൻ എത്തുന്ന അമ്മയുടെ മുഖത്തേക്ക് നോക്കാൻ സമയം തികയുന്നില്ല. കുറ്റം പറയാൻ പറ്റില്ല, 'തിരക്കുള്ള ജീവിതം' ആണല്ലോ? മലയാളികളുടെ സംസ്കാരം, ജീവിതശൈലി എല്ലാം പണ്ട് എല്ലാ ഇതരസംസ്ഥാനങ്ങളുടെയും ശ്രദ്ധ പിടിച്ചു പറ്റിയിരുന്ന ഒന്നായിരുന്നു. ഉയർന്ന വിദ്യാഭ്യാസവും ജീവിതശൈലിയുംകൊണ്ട് അവർ തലയുയർത്തിപിടിച്ചിരുന്നു. ഇവയ്ക്കെല്ലാം ആധാരം കുടുംബബന്ധങ്ങൾ ആണ്.

അച്ഛൻ, അമ്മ, മക്കൾ മുത്തശ്ശി, മുത്തശ്ശൻ അങ്ങനെയുള്ള കൂട്ടുകുടുംബസമ്പ്രദായം എല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ നിലംപൊത്തിയിരുന്നു. അണുകുടുംബങ്ങൾ വളർന്നു സ്വയം തന്നിലേക്ക് എല്ലാവരും ചുരുങ്ങുന്നു. ഇന്നിപ്പോൾ വിവരസാങ്കേതികവിദ്യ അടുക്കളവരെ എത്തിയപ്പോഴേക്കും മനുഷ്യൻ മനുഷ്യനല്ലാതെയായി മാറിയതുപോലെ.

'ഗൂഗിൾ' ഡാഡിയും 'യാഹൂ' മമ്മിക്കും സമയമില്ല. മക്കൾക്കായി തമ്മിൽ ആരും സംവദിക്കാറില്ല, എന്തിനേറെ കാണാറുകൂടിയില്ല. ഊണുമുറിയിലും, കിടപ്പറയിലും ഇപ്പോൾ ബാത്റൂമുകളിലേക്ക് പോലും മൊബൈലുകളുടെ അധികപ്രസരം.

അകലെ നിൽക്കുന്നവരെ അടുപ്പിക്കാൻ സഹായിക്കുന്ന ഇന്റർനെറ്റിലൂടെ, അടുത്തിരിക്കുന്നവരെ അറിയാതെ പോകുന്നു. വീടുകളിൽ എങ്ങും നിശബ്ദത. ഇടയ്ക്കിടെ മെസേജുകൾ വരുന്ന ട്യൂണുകൾ മാത്രം.

പഞ്ചേന്ദ്രിയങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. മൊബൈൽഫോണും ഇന്റർനെറ്റ് കണക്ഷനും വാഹനമോട്ടിക്കുന്നതിനിടയിലും എത്തിനോക്കും മൊബൈലിൽ സന്ദേശങ്ങൾക്കായ്, അവസാനം വളരെ വലിയ അപകടങ്ങളിലേക്കായിരിക്കും ഈ 'എത്തിനോട്ടം' ചെന്നവസാനിക്കുന്നത്.

പ്രായത്തിന്റെ പക്വതകുറവ് കാരണം വഴിതെറ്റുന്ന ഒരു യുവജനതയുടെ അക്രമങ്ങൾ, കുറച്ചൊന്നുമല്ല ഈ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നത്.

ബ്ലൂമെയിൽ പോലുള്ള ഹാക്കർ ഗയിമുകൾ, അനാവശ്യ ഫോൺകോളുകൾ, അപരിചിതരുമായുള്ള വഴിവിട്ട ബന്ധങ്ങൾ എല്ലാം തന്നെ നമ്മുടെ സംസ്കാരത്തെ, നമ്മുടെ കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നു.

ഇതുവരെ വീട്ടിലും ഉറ്റവരിലും സുഹൃത്തുക്കളിൽ നിന്നും ലഭിക്കാത്ത എന്തോ ഒരു ലഹരിയാണ്. ഉന്മാദമാണ് മൊബൈലും ഇന്റനെറ്റുകളും നൽകുന്നത്. ആ കൗതുകം വളർന്നു പന്തലിച്ചു, സാമൂഹികബോധം തൊട്ടുതീണ്ടാത്ത, ഉത്തരവാദിത്വം എന്തെന്നറിയാത്ത ഒരു കേരളജനത വളർന്നു വരുന്നുണ്ട്. സ്വയം നിയന്ത്രണരേഖ വയ്ച്ചില്ലെങ്കിൽ ക്യാൻസർ പോലെ മനുഷ്യന്റെ നല്ല നാളുകളെ കാർന്നു തിന്നും ഇവ.

വർത്തമാനകാലത്തിന്റെ കുത്തഴിഞ്ഞ ജീവിതരീതിയ്ക്ക് ഈ വിവരസേങ്കേതികവിദ്യ കാരണമാകുന്നുണ്ട്.

ഭാര്യ-ഭർത്തൃബന്ധങ്ങൾ, മക്കൾ മാതാപിതാബന്ധങ്ങൾ ഒക്കെ വളരെ പവിത്രമായ നമ്മുടെ സംസ്കാരത്തിന്റെ ആണിക്കല്ലുകളാണ്. അവയാണ് മണ്ണിട്ടു മൂടപ്പെടുന്നത്. എല്ലാ വികസനോപകാരികളായ സാങ്കേതികവിദ്യകൾ ഒക്കെയും വളരെ നല്ലതാണ്. ഒരു പരിധിവരെ ഓർക്കുക വല്ലപ്പോഴും. അമിതമായാൽ അമൃതും വിഷം.



# കരാള ഹസ്തങ്ങൾ

ഇടവപ്പാതിയിൽ ഇരുണ്ടമേഘങ്ങൾ
പ്രളയക്ഷോഭത്തിൽ പെയ്തിറങ്ങുന്നു.
ആർത്തിരമ്പിക്കയറുന്നുവോ തിരകൾ,
കരാളഹസ്തങ്ങളാൽ ആരെയോ മാടിവിളിക്കും
പോൽ!

ഇടയിലെപ്പോഴോ മിന്നലിൻ വെളിച്ചത്തിൽ,
തെളിയുന്നിതാ തീരത്തണയും ജഡങ്ങൾ!
ഉയരും മുറവിളികൾ മുഴക്കുന്നുവോ?
ചിറകറ്റ കിനാക്കൾതൻ ബാക്കി തരുമോ,
ഈ പിണങ്ങൽ?

ഇരുണ്ടമേഘങ്ങൾതൻ ഘനത്തുള്ളികൾ,
വേദനയായ് പതിക്കുന്നു സമുദ്രത്തിൽ
ഇനിയും പൊലിയാത്ത ജീവനുകൾ അവസാന
ശ്രമവും പയറ്റുന്നു,
ഒരുത്തൻതൻ പിണം മറ്റൊരുത്തനു തുണയാവു
ന്നവോ?

ഇല്ല തളരില്ല, കരാളഹസ്തങ്ങളേ;
വിഴുങ്ങുവാനാവില്ല നിങ്ങൾക്കീ ജനതയെ,
അതിജീവനത്തിൽ താളം ഉയർന്നുകേൾക്കുന്നു,
കാർമേഘങ്ങൾക്കിടയിൽ നിന്നുമുയരുന്നിതാ
പ്രതീക്ഷാനാളം!



# വിവരസാങ്കേതിക വിദ്യയും വർത്തമാന സാമൂഹിക ജീവിത ബന്ധങ്ങളും

നമ്മുടെ മാറുന്ന ജീവിതശൈലിയിലും വിദ്യാഭ്യാസം, ജോലി, ഭരണകാര്യങ്ങളിലും പ്രധാനമായ ഒരു പങ്ക് വഹിക്കുന്നത് വിവരസാങ്കേതിക വിദ്യയാണ്. ഗുണദോഷമിശ്രിതമായ അനേകം ഉപയോഗങ്ങളാണ് വിവരസാങ്കേതിക വിദ്യയ്ക്കുള്ളത്.

വളർന്ന് കൊണ്ടിരിക്കുന്ന രാജ്യമെന്ന നിലയിൽ ഇന്ത്യ വിവരസാങ്കേതിക വിദ്യയ്ക്ക് കൊടുക്കുന്നത് വലിയ പ്രാധാന്യമാണ്. വാർത്താവിനിമയത്തിലും മററ് അന്താരാഷ്ട്രകാര്യങ്ങളിലും ഇവയ്ക്ക് ഉള്ള പങ്ക് വളരെ വലുതാണ്., ഇന്റർനെറ്റ്, മൊബൈൽഫോൺ, ടെലിവിഷൻ തുടങ്ങിയവയ്ക്ക് നമ്മുടെ ജീവിതത്തിലുള്ള പങ്ക് ഏറെയുണ്ട്. ഫോണിന്റെ കണ്ടുപിടിത്തം അലക്സാണ്ടർ ഗ്രഹാംബെൽ നടത്തിയതോടെ ലോകത്തിന് വന്ന മാറ്റം അവിശ്വസനീയമാണ്. ഭൂഗോളത്തിന്റെ ഏതു അറ്റത്തുള്ളവരെയും ഒന്നിപ്പിക്കാൻ അതിന് കഴിഞ്ഞു. മാറുന്ന ജീവിതത്തിന് ദിനപത്രങ്ങൾ വഹിച്ച പങ്കും തള്ളികളയാവുന്നതല്ല. ദേശീയ അന്തർദേശീയ വാർത്തകൾ എല്ലാ ദിവസവും രാവിലെ തന്നെ വീട്ടുമുറ്റത്ത് എത്താൻ തുടങ്ങി. പത്രവും മാഗസീൻസും വായിക്കുന്നതിന് വേണ്ടി വായനശാലകളിലും മറ്റും ഒത്തുകൂടിയ ആൾക്കാരിൽ സൗഹൃദത്തിന്റെ പുതിയ വാതിലുകളാണ് തുറന്ന് കൊടുക്കപ്പെട്ടത്. എല്ലാ സായഹ്നങ്ങളിലും പ്രായമതഭേദമന്യെ എല്ലാവരും വായനശാലകളിലും മറ്റ് പൊതുസ്ഥലങ്ങളിലും ഒത്തുകൂടി വാർത്തകളും അവരുടെ വീക്ഷണങ്ങളും പങ്കുവെയ്ക്കാൻ തുടങ്ങി. സ്ത്രീകളും ഒട്ടും പിന്നീട് നിന്നില്ല. ഒഴിവു സമയങ്ങളിൽ അയൽ വീട്ടിലുള്ളവരുമായിട്ട് അവരുടെ കാഴ്ചപ്പാടുകൾ പങ്കുവെച്ചു. അച്ചടിശാലകളും വാർത്താ ഏജൻസികളമൊക്കെ പുതിയൊരു നവോത്ഥാനത്തിന്റെ പ്രകാശമായി മാറി. പത്രവായനപുറം വാർത്തകൾ അറിയുന്നതിനൊപ്പം തങ്ങളുടെ കാഴ്ച്ചപാടുകൾ മുന്നോട്ടുവെയ്ക്കാൻ സാധാരണക്കാർക്ക് ഒരു വേദിയായി. പല പാർട്ടികളും വിപ്ലവങ്ങളും ഉടലെടുത്തു. സാധാരണക്കാർ അവർക്ക് എതിരേയു

ള്ള ചൂഷണങ്ങളെ നിലം പതിപ്പിച്ചു. ഇന്ത്യയെ ഇന്ന് കാണുന്ന നിലയിൽ എത്തിക്കാൻ വലിയ പങ്ക് വഹിച്ചത് ദിനപത്രമാണെന്ന് പറയുന്നതിൽ ഒരു തെറ്റുമില്ല.

ടെലിവിഷൻ ആദ്യമൊക്കെ എല്ലാ വീടുകളിലും ആ സംവിധാനം എത്തിയിരുന്നില്ലെങ്കിലും പെട്ടെന്നു തന്നെ അതിന് പരിഹാരമായി. വായനശാലകളിലെയും മറ്റു പൊതു സ്ഥലങ്ങളിലെയും സൗഹൃദത്തിന് അത് ചെറിയൊരു വിള്ളലുണ്ടാക്കിയെങ്കിലും മനുഷ്യരാശിയെ ഒരുപാട് സ്വാധീനിച്ച ഒരു ഘടകമാണ് ടെലിവിഷൻ. അത് വാർത്താവിനിമയത്തിന്റെ വേഗത കൂട്ടുകയും ലോകത്തിന്റെ ഏതു കോണിലും നടക്കുന്ന കാര്യങ്ങൾ അപ്പോൾ തന്നെ സ്വീകരണമുറിയിൽ എത്തിക്കാനും സഹായിച്ചു. ക്രിക്കറ്റ്-ഫുട്ബോൾ മത്സരങ്ങൾ കാണാൻ വീണ്ടും പൊതുജനങ്ങൾ വായനശാലയിൽ ഒത്തുകൂടി.

ഫോണിന്റെയും ഇന്റർനെറ്റിന്റെയും കണ്ടുപിടിത്തം ഞെട്ടിക്കുന്ന മാറ്റങ്ങളാണ് മനുഷ്യജീവിതത്തിൽ ഉണ്ടാക്കിയത്. ഒരു ചെറുവിരൽ അമർത്തുമ്പോൾ ലോകത്തിന്റെ ഏതു കോണിൽ ഇരിക്കുന്നവരുമായി ആശയവിനിമയം നടത്താം. മനുഷ്യന്റെ ഏത് ചോദ്യത്തിനുള്ള ഉത്തരം നൽകാനും ഇന്റർനെറ്റ് മടിച്ചില്ല. വിദ്യാഭ്യാസകാര്യത്തിലും ഭരണനിർവ്വഹണത്തിലും മറ്റും സാമൂഹിക ആവശ്യങ്ങൾക്കും ഇവരുടെ സഹായം ഏറെ വലുതാണ്. ഇന്റർനെറ്റിലൂടെയും ഫേസ്ബുക്ക് വാട്സ് ആപ്പ് എന്നീ നവമാധ്യമങ്ങളിലൂടെയും സൗഹൃദവലയങ്ങൾ തളിരിട്ടു.

ഏതൊരു പുതിയകണ്ടുപിടിത്തവും പോലെ ഈ നവമാധ്യമങ്ങളിലും ഒരുപാട് ദൂഷ്യങ്ങൾ തലംകെട്ടി. ഇന്റർനെറ്റിലൂടെ വഴിവിട്ട ബന്ധങ്ങളും ഉണ്ടായി. സ്ത്രീകളെയും ബാലികമാരെയും ലൈംഗികചൂഷണത്തിന് അടിപ്പെടുത്താൻ ഈ നവമാധ്യമങ്ങൾ ചരട് വലിച്ചു. യുവതികളുടെയും കൗമാരക്കാരുടെയും അശ്ലീല വീഡിയോകളും ചിത്രങ്ങളും ഈ മാധ്യമങ്ങൾ വഴി ലോകം ചുറ്റുന്നു. പല കുടുംബങ്ങളുടെയും തകർച്ചയ്ക്കും ആത്മഹത്യകൾക്കും മൂകസാക്ഷിയായി. ലോകം ഇത്രയും പുരോഗമിച്ചിട്ടും ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിലും ഇങ്ങനെയൊക്കെ സംഭവിക്കുന്നത് ലജ്ജാവഹം തന്നെയാണ്.

പണ്ട് നമ്മുടെ കുട്ടിക്കാലത്തെ അവധിദിനങ്ങൾ കൂട്ടുകാരുമൊത്ത് പാടത്ത് കളിക്കാനും മാവിൽ കയറി മാമ്പഴം നുണയാനുമൊക്കെയുള്ളതായിരുന്നെങ്കിൽ ഇന്നത്തെ തലമുറയിൽ അതൊക്കെ അന്യം നിൽക്കുന്ന കാഴ്ചകളാണ്. കുട്ടികളുടെ ഒരു അവധിദിനം തുടങ്ങുന്നതും അവസാനിക്കുന്നതുമെല്ലാം ടിവിയുടെയും കംപ്യൂട്ടറിന്റെയം ഫോണിന്റെയും മുമ്പിലാണ്. അവർ അവരിലേക്ക് തന്നെ ഒതുങ്ങിക്കൂടുകയാണ്. ഇന്നത്തെ തലമുറയ്ക്ക് അവരുടെ അയൽവീട്ടിൽ താമസിക്കുന്നവരെ തിരിച്ചറിയില്ല. പക്ഷേ ഭൂഗോളത്തിന്റെ മറ്റേ കോണിൽ ഉള്ളവരെ കണ്ടിട്ടില്ലെങ്കിൽ കൂടിയും നന്നായിട്ടറിയാം. ഇത് അവരുടെ സാമൂഹിക ഇടപെടലിനെ മാത്രമല്ല ആരോഗ്യത്തെയും കൂടിയാണ് വഷളാക്കുന്നത്. ആരോഗ്യമുള്ള വരും തലമുറ ചിലപ്പോൾ നമുക്ക് സ്വപ്നംമാത്രമാകും.

ഒരു രാജ്യത്തെ മുഴുവൻ നശിപ്പിക്കാനും ഈ നവമാധ്യമങ്ങൾ കൊണ്ടു കഴിയും. ഈയിടെയായി പല സൈബർ നുഴഞ്ഞ് കയറ്റങ്ങളും കാണപ്പെടുന്നു. രാജ്യങ്ങൾ തമ്മിലുള്ള ശത്രുതയ്ക്കു ഇത് വഴിയൊരുക്കുന്നു.

വിവരസാങ്കേതികവിദ്യ വളരുന്നത് രാജ്യത്തിന് മുതൽകൂട്ടാണ്. പക്ഷേ അതിന്റെ നന്മയും തിന്മയും തിരിച്ചറിയാൻ നമ്മുടെ തലമുറ പ്രാപ്തമാവണം.



# പ്രകൃതി നിയമം

ഭൂജമേ, ഏകകോശമേ നീയും നടത്തി-
യതിജീവനം ഭൂമിതൻ മാറിൻ നടന്നയേറ്റവും
സത്യസന്ധമായ അതിജീവനം
ഭുജംതൻ അതിജീവനമേകുന്നു
മനുജനു ഭൂമിയിലേയ്ക്കുള്ള ആദ്യകവാടം.
മുട്ടിലായിരിക്കു തന്നമ്മപഠിപ്പിക്കുന്നു
അതിജീവനത്തിനാദ്യപാഠം
വിദ്യാലയങ്ങളേകുന്നു ഡാർവിൻ
തൻ രണ്ടാംപാഠം.

എന്നിട്ടെന്നേ മനസ്സിലാക്കുന്നില്ല മനുജാ-
നീയതിജീവനത്തിൻ പാഠങ്ങൾ
മനുഷ്യാ നീ നോക്കുക പ്രകൃതിയെ
അവരും നടത്തുന്നു അതിജീവനമെന്ന
ജീവിതത്തിൻ പ്രധാനപാഠം

തട്ടിപ്പറിയ്ക്കലും, കൊലയുമില്ലാത്ത
അതിജീവനത്തിന് വേണ്ടി മാത്രമുള്ള പാഠങ്ങൾ.
തെരുവിലെ യാചകനും, മണിമാളികയിലെ
കോടീശ്വരനും നടത്തുന്നത് ഒരേയതിജീവ-
നത്തിന്റെ മാർഗ്ഗം, ശരീരത്തിൻ തൻ
ചൂടുനിലനിർത്താനുള്ള പ്രകൃതി തൻ തന്ത്രം

ഇന്ന് കലിയുഗമേകുന്നു അതിജീവനത്തിന-
പ്പുതു പരിഭാഷ, അതിജീവനം നടത്താൻ
കൊതിക്കുന്ന ഓരോരുത്തരേയും വ്യതിചലി-
പ്പിക്കുന്ന തിന്മതൻ പരിഭാഷ
കലിയുഗമേ.... എന്തിനുമാറ്റുന്നു നീ
മനുഷ്യനെ അതിജീവനത്തിൻപ്പേരിൽ?
എന്തു നേടുന്നു നീ തമ്മിലടിപ്പിച്ച്...?
ഓർക്കുക നീ.... അതിജീവിതമെത്തിനിൽ-
ക്കുന്നത് ഒരു കൂട്ടം വിറകിൻ കീഴിലാണെന്ന്...??



# എന്റെ ഭൂമി എന്റെ വീട്

ജനിച്ചു വീണ മണ്ണ്  അത് എന്നും അന്തർലീനമായ ഒരു വികാരമാണ്. വൈവിധ്യങ്ങൾ നിറഞ്ഞ ചുറ്റുപാടുകൾ, അത്ഭുതപ്പെടുത്തുന്ന പ്രകൃതിപ്രതിഭാസങ്ങൾ. വാക്കുകളാൽ വിവരിക്കാനാവില്ല. പക്ഷെ അനുദിനം ഈ കാഴ്ചകൾ ഓർമകളായി മാറികൊണ്ടിരിക്കുകയാണ്. കാലിനടിയിലെ മണ്ണ് ചോർന്ന്കൊണ്ടിരിക്കുമ്പോഴും മനുഷ്യൻ അറിയുന്നില്ല സ്വന്തം കുഴിയാണ് അവൻ വെട്ടിക്കൊണ്ടിരിക്കുന്നതെന്ന്.

ഭൂമിയെ മാതാവിനുതുല്യം കണക്കാക്കുന്ന ഒരു സംസ്കാരമാണ് നാം പുലർത്തിയിരുന്നത്. എല്ലാം നൽകി ഒരമ്മയുടെ മക്കളെന്നപോലെ സകല ജീവജാലങ്ങളും ജീവിച്ചിരുന്ന ഒരു കാലവും നമുക്കുണ്ടായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ എല്ലാം മാറിമറിഞ്ഞു. വികസനങ്ങളും പുരോഗതിയും അരങ്ങ് വാണപ്പോൾ നമ്മുടെ പ്രകൃതി രണ്ടാം ഘടകമായി മാറി. അംബരചുംബികൾ വൻമരങ്ങളെയും പാടങ്ങളെയും മാറ്റിനിർത്തി. കാടുകളും മരങ്ങളും മലകളും വെട്ടിമാറ്റി. വന്യജീവികൾ വാസസ്ഥലം നഷ്ടപ്പെട്ട് നാട്ടിലേ

ക്ക് ഇറങ്ങിതുടങ്ങി. പ്ലാസ്റ്റിക്കുകൾ മറ്റൊരു വിപത്തായി മാറിക്കൊണ്ടിരിക്കുകയാണ്.

പ്ലാസ്റ്റിക്ക് നശിപ്പിക്കുന്നത് മനുഷ്യനെ മാത്രല്ല, ഒരുപാടു ജന്തുജീവജാലങ്ങളെ കൂടി അത് ബാധിക്കുന്നു. ഭൂമിയുടെ മുക്കാൽ ഭാഗത്തോളം വരുന്നത് കടലുകളാണ്. എണ്ണപാടങ്ങളും ഫാക്ടറികളിൽ നിന്നും വരുന്ന മലിനജലവും നമ്മുടെ ജലസമ്പത്തിനെയും ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്.

ഇപ്പോൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന മറ്റൊരു വിഷയം ആഗോളതാപനമാണ്. ഓസോൺ പാളിയിലെ വിള്ളലും അന്റാർട്ടിക്കയിലെ മഞ്ഞുമലകൾ ഉരുകുന്നതും വലിയൊരു സംവാദമാണ്. പക്ഷേ ചിന്തിക്കേണ്ട വിഷയം എന്തെന്നാൽ ചൂടേറിയ സംവാദങ്ങളും വാക് തർക്കങ്ങളുമല്ലാതെ ഭൂമി സംരക്ഷിക്കാൻ പ്രായോഗികമായ ഒരു നടപടിയും എടുക്കുന്നില്ല എന്നതാണ്.

മാറ്റങ്ങൾ തുടക്കമിടേണ്ടത് ഒരു വ്യക്തിയിൽ നിന്നാണ്. അല്ല എങ്കിൽ ജീവശ്വാസം വരെ പണം കൊടുത്ത് വാങ്ങേണ്ട ഒരു അവസ്ഥയിൽ മനുഷ്യസമൂഹം നാളെ എത്തിചേരും. പ്ലാസ്റ്റിക്ക് ഉപയോഗം പരമാവധി കുറയ്ക്കുക. മണ്ണിൽ ലയിച്ചുചേരാത്തതും നശിപ്പിക്കാൻ പറ്റാത്തതുമായ ഇവയുടെ ഉത്പാദനം പൂർണമായും നിരോധിക്കണം. ഒരു മരം മുറിക്കുമ്പോൾ എന്തു സംഭവിക്കാനാണ്, എന്ത് നഷ്ടപ്പെടാനാണ് എന്നാണ് നാം ചിന്തിക്കുന്നത്. പക്ഷേ ഒരു മരത്തോടനുബന്ധിച്ച് ഒരുപാട് ജീവജാലങ്ങളുണ്ട്. ഒരു മരം നഷ്ടപ്പെടുത്തുമ്പോൾ നമ്മുടെ ആവാസവ്യവസ്ഥയെ അത് നാമറിയാതെ തകർത്തുന്നുണ്ട്.

മനുഷ്യജീവൻ നിലനിർത്താൻ അവന്റെ ശരീരഭാഗങ്ങൾ എത്രയേറെ അനിവാര്യമാണോ അതുപോലെ തന്നെയാണ് നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് അതിലെ ഓരോ ജീവനും ഫാക്ടറിക്കുള്ളിൽ നിന്നുള്ള മലിനജലം കടലിലേക്കും മറ്റു ജലശ്രോതസുകളിലേക്കും ഒഴുക്കിവിടാതെ അതിനെ സംസ്ക്കരിക്കാൻ ശ്രമിക്കുക. ഡോഡോപക്ഷികൾ നമ്മുടെ ഭൂമുഖത്തിൽ നിന്നും മറഞ്ഞതുപോലെ മറ്റുജീവികളും നഷ്ടപ്പെടാതിരിക്കാൻ അവയെ സംരക്ഷിക്കുക. മനുഷ്യന് ഒറ്റയ്ക്ക് നിലനിൽപ്പ് സാധ്യമല്ല. അത്കൊണ്ട് തന്നെ തന്റെ ചുറ്റുപാടുകളെ സംരക്ഷിക്കുക എന്നത് നമ്മളോരുരുത്തരുടെയും കടമയാണ്.

ജനിച്ചുവീഴുമ്പോൾ തൊട്ട് കാണുന്ന ചുറ്റുപാടുകൾ. അത് അറിഞ്ഞുകൊണ്ട് നാം നഷ്ടപ്പെടുത്തരുത്. നമ്മുടെ പുർവ്വികർ നമുക്ക് കൈമാറിത്തന്ന വാസയോഗ്യമായ ഭൂമി അതുപോലെ തന്നെ നമ്മുടെ വരും തലമുറയ്ക്കും കൈമാറുക എന്നത് നമ്മുടെ ചുമതലയാണ്.



# സൂര്യ പുത്രന്മാർ

ജീവിതയാത്രയിൽ നാം കണ്ട സ്വപ്നങ്ങൾ
മിഴിനീരിൽ അലിയവെ
പിന്നെ മുന്നിൽ കണ്ട സ്വപ്നാമണതിജീവനം.

മാതാവിൻ നിലവിളികൾ കാതോർക്കാതെ
പ്രപഞ്ചമാതാവിൻ പ്രളയ താണ്ഡവം
ഒപ്പിയെടുത്ത പല സ്വപ്നങ്ങളേയും മരിക്കാത്ത
മാനുഷിക മൂല്യത്താൽ
സ്വപ്നങ്ങളായീ തീർക്കപ്പെടും.

ചില നിമിഷങ്ങളിൽ നാവിനോടൊപ്പം
ഏർപ്പെട്ട വാക്വാദത്തിൽ,
പതറാത്ത ഹൃദയ താളത്താൽ നാം
പല ഹൃദയങ്ങളെയും താളത്താൽ നാം
പല ഹൃദയങ്ങളേയും തിരികെ നൽകി.

മനസ്സെന്ന വജ്രായുധത്താൽ നാം ഉൾപ്പെട്ട
കുരുക്ഷേത്ര ഭൂമിയിൽ,
പോരാട്ട വീര്യത്താൽ
കൈപിടിച്ചുയർത്തിയ ജീവിതങ്ങൾ
സ്മരിച്ചീടണം എന്നെന്നും
നിലയ്ക്കാത്ത മനുഷ്യത്വത്തെ.

നാസ്തികരാം മനുഷ്യരെ ആസ്തികരാക്കിയ
പുത്രമന്മാരെ
നിങ്ങളിൽ ദൈവം കണ്ടത് സ്വന്തം നിഴലുകൾ മാത്രം
അന്ധകാരത്തിൽ നിന്ന് പ്രഭാകര രശ്മി ഏകിയ
ആയിരം കൈകൾക്കുടമ
സൂര്യപുത്രന്മാർക്ക് ശതകോടി പ്രണാമം



# ഭൂമിയുടെ നിലനിൽപ്പ് മനുഷ്യന്റെ കയ്യിലോ?

കോടാനുകോടി വർഷങ്ങൾക്കപ്പുറം ഭൂഗോളം ഉണ്ടായപ്പോൾ, അതിമനോഹരിയായ ഭൂമിയേ നോക്കി മറ്റു ഗ്രഹങ്ങൾ അസൂയപ്പെട്ടിട്ട് ഉണ്ടാവാം പച്ചപട്ടുടുത്ത് ജീവജാലങ്ങളാൽ സമൃദ്ധമായി ഭൂമിയെ നാം ഭൂമി ദേവിയെന്നു വിളിച്ചു. മനുഷ്യനും പക്ഷിമൃഗാദികൾക്കും തന്റെ ആയുസിന്റെ അന്ത്യംവരെ സുഖമായി ജീവിക്കാൻ ഉള്ളതെല്ലാം ഭൂമി കരുതിവെച്ചു. മനുഷ്യൻ ഭൂമിയിൽ വന്നപ്പോൾ ഭൂമിയുടെ മടിത്തട്ടിൽ നിന്നു ഓരോന്നായി പുറത്തുകൊണ്ടുവന്നു. തണുപ്പ് സഹായിക്കാതായപ്പോൾ അഗ്നി നൽകി. ഭക്ഷണം നൽകി, അങ്ങനെ മനുഷ്യന്റെ ആവശ്യനുസരണം ഓരോന്നായി നൽകികൊണ്ടിരുന്ന ഭൂമി മനുഷ്യനു അമ്മ തന്നെയാണ്. വർഷങ്ങൾ കഴിയുംതോറും മനുഷ്യന്റെ ആവശ്യങ്ങൾ ആഗ്രഹങ്ങളിലേക്ക് വഴിമാറി അവ പിന്നെ അത്യാഗ്രഹങ്ങളിലേക്ക് എത്തിച്ചു എന്തു ചോദിച്ചാലും മുന്നിൽ എത്തിച്ചു തരുന്ന അമ്മയെ കൊല്ലാൻപോലും മടിക്കാതെയായി. കാടൊരു മനോഹരസങ്കൽപ്പം മാത്രം അല്ല. മനുഷ്യന്റെ ജീവൻ തന്നെ നിലനിർത്തുന്നവയാണെന്ന് മനുഷ്യൻ ഓർക്കുന്നില്ല. വനനശീകരണം അതിന്റെ ഉയരങ്ങളിൽ എത്തിനിൽക്കുന്നു. വനങ്ങളാൽ ചുറ്റപ്പെട്ടവയൊക്കെ ഇപ്പോ ഫ്ളാറ്റുകളാൽ ചുറ്റപ്പെട്ടവയായി മാറുന്നു. “എന്താണമ്മേ വനം എന്നു ചോദിക്കുന്ന കുട്ടിക്ക് ഒരു പറമ്പുപോലും കാണിച്ചുകൊടുക്കാൻ ഇല്ലാത്ത അവസ്ഥയിലാണ് മനുഷ്യൻ ഇന്നു എത്തിയിരിക്കുന്നത്. ആമസോൺ കാടുകൾ കത്തി എരിഞ്ഞെന്നു കേട്ടപ്പോൾ എത്രപ്പേരുടെ കണ്ണു നിറഞ്ഞു? എത്രപേർ തീയണയ്ക്കാൻ വഴിയുണ്ടോന്നു നോക്കി?

കൊച്ചിയിലെ അനധികൃത ഫ്ളാറ്റുകൾ പൊളിച്ചപ്പോൾ സർക്കാരിനെ പുഛത്തോടെ നോക്കിയവരാണ് നമ്മൾ ഏവരും. പാടങ്ങൾ നിരത്തി ഫ്ളാറ്റുകളും മാളുകളും കെട്ടിപ്പൊക്കിയുള്ള മനുഷ്യന്റെ സ്വർഗ്ഗരാജ്യം പണിതാൽ ഭൂമിയുടെ അന്ത്യം കുറിക്കും എന്നു എത്ര പേർ ചിന്തിക്കുന്നു. മൂന്നാറിലെ റിസോർട്ടിന്റെ

കേസിൽ വിധിവന്നു എന്നു ടി വി യിൽ പറയുന്നത് കേട്ടാൽ അതു എന്താണെന്നു പോലും ചിന്തിക്കാത്തവരാ നമ്മൾ ഏവരും. മണ്ണ് എടുത്ത് പുഴകളും മലകളും ഇല്ലാതാകുന്നു. ഭൂമിയുടെ നാശത്തിലേക്കുള്ള പോക്കാണ് മനുഷ്യൻ പൊയ്ക്കൊണ്ടിരിക്കുന്നത്.

ടി വി തുറന്നു വാർത്തകാണുന്ന മനുഷ്യൻ മനസ്സിൽ പറയുന്നത് "ഇതൊക്കെ അവിടല്ല സംഭവിക്കുന്നത്. ഞാൻ ഇവിടെ സുരക്ഷിതനല്ലെയെന്നാണ്!!!" കാൽപാദത്തിന്റെ അടിയിൽ നിന്നു മണ്ണ് ഒലിച്ചു പോകുന്ന വിവരം മനുഷ്യൻ അറിയുന്നില്ല. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി മരങ്ങൾ മുറിക്കുമ്പോൾ ഒരു മരം പകരം നടുകയാണ് നമ്മൾ ചെയ്യേണ്ടത് കഴിഞ്ഞ ദിവസം ഞാൻ വാർത്തയിൽ കാണുകയുണ്ടായി ദമ്പതികൾ ഏക്കറുകണക്കിന് തരിശുഭൂമി പത്തു വർഷം കൊണ്ട് മാറ്റിയെന്ന് !!! നമ്മൾക്കും എന്തുകൊണ്ട് അതുപോലെ ആയി കൂട?? ഇപ്പോൾ മനുഷ്യൻ അനുഭവിച്ചക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയവിപത്താണ് പ്ലാസ്റ്റിക്ക്. ഓരോ കുട്ടിയെയും അവരുടെ നല്ല ശീലങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക്ക് ഉപയോഗിക്കാതിരിക്കാനും അഥവാ ഉപയോഗിക്കേണ്ടിവന്നാൽ റോഡിലും തോടിലും വലിച്ചെറിയാതിരിക്കാനും നമ്മൾ പഠിപ്പിക്കണം. നമ്മൾ അവർക്ക് മാതൃകയാകുകയും വേണം. സ്വർഗ്ഗഭൂമിയായി കാണുന്ന ദുബായ് മണലാരണ്യത്തിൽ "മിറാക്കൾ ഉദ്യാനം" എന്ന പേരിൽ പൂന്തോട്ടവും ഉദ്യാനങ്ങളും നിർമ്മിച്ചും അവർ മരുഭൂമിയെ വനം ആക്കാൻ ശ്രമിക്കുന്നു. അങ്ങനെയുള്ള അവരെ മാതൃകയാക്കി വനനശീകരണം തടയുകയും വനം വീണ്ടും നിർമ്മിച്ചെടുക്കുകയും ആണ് നമ്മൾ ചെയ്യേണ്ടത്. മരത്തിനെ കെട്ടിപ്പിടിച്ച് പുഴകൾ നശിപ്പിക്കുന്നതിനും കരിമണൽ ഖനനത്തിനും എതിരെ നമ്മൾ ഒറ്റക്കെട്ടായി ഇറങ്ങണം. സ്വന്തമായി കാർ വാങ്ങുന്നതിനു പകരം ബസ്സുകളും പൊതു വാഹനങ്ങളും ഉപയോഗിക്കാൻ നമ്മൾ മാതൃകയാകണം. സ്കൂളിലോ കോളേജിലോ ഒരു ചെറിയപരിപാടിക്കുപോലും മനുഷ്യന് താങ്ങാവുന്നതിലും അധികം ശബ്ദത്തിൽ ശബ്ദമലീനീകരണം നടത്തുന്നവരാണ് നമ്മൾ. ഇങ്ങനെയുള്ള പരിപാടികൾ സർക്കാർ ഇടപെട്ടു നിയന്ത്രിക്കുകയാണ് വേണ്ടത്.

"കായലും പുഴയും പാടങ്ങളും മരവും തെങ്ങും വനങ്ങളും ശുദ്ധവായുവും എന്താണമ്മേ" എന്നു ചോദിക്കേണ്ടിവരുന്നൊരു അവസ്ഥ ഉണ്ടാകാൻ നമ്മൾ അനുവദിക്കരുത് ഭൂമിയെ രക്ഷിക്കാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. നീയോ അവനോ സർക്കാരോ ലോകസംഘടനകളോ അല്ല ഞാനാണ് എന്റെ ഭൂമി അമ്മയെ രക്ഷിക്കേണ്ടത് എന്ന ബോധം നാം ഓരോരുത്തർക്കും വരണം. മനുഷ്യൻ ഐക്യത്തോടെ ഇറങ്ങിയാൽ സാധിക്കാത്തതായി ഒന്നും തന്നെയില്ല. ലോക അവസാനത്തിനു സാക്ഷ്യം വഹിക്കേണ്ടിവരാതിരിക്കാൻ നമുക്ക് ഓരോരുത്തർക്കും പ്രയത്നിക്കാം.



# അഗ്നി ജ്വാല

പാമരനാം ഭാഗവതർ ഞാനാം മാണിക്യവീണയെ
പൊട്ടിച്ചെറിഞ്ഞു,
എങ്കിലും ഞാൻ നിനക്കായി വീണ്ടും അനുരാഗ
ശ്രുതിമീട്ടാം.
ആകാശത്ത് മിന്നും ചന്ദ്രികയെ നോക്കി പുഞ്ചിരിച്ചു,
പാലപ്പൂവിന്റെ സുഗന്ധം പേറിവരും ഇളംകാറ്റിനോട്
കൂട്ടുകൂടിയും,
മുത്തശ്ശിമാവിൻ ചില്ലകളിൽ ചേക്കേറിയ കിളികളു
മായ് കൊഞ്ചിയും,
പതിവുപോലെ ഞാൻ എൻ വീട് ലക്ഷ്യമാക്കി
നടന്നുനീങ്ങി.

അമ്പലനടതൻ മുന്നിൽ അഞ്ച് രാക്ഷസൻമാർ,
കോമ്പല്ല് കാട്ടി എന്നെ നോക്കി ചിരിച്ചു നിന്നു.
അവരുടെ ചോരകണ്ണുകൾ എറിഞ്ഞ നോട്ടം,
എന്റെ മാറിടം തുളച്ചു നീങ്ങി.

പെട്ടെന്ന് അതിൽ ഒരുവന്റെ  ഇരുമ്പ് കൈകളാൽ
നിർമിതമായ വലയത്തിൽ ഞാൻ അകപെട്ടു.

ക്കമം മൂത്ത കാപാലൻമാർ ചെന്നായകളെപോലെ
എന്നിലെ സ്ത്രിത്വത്തെ പിച്ചി ചീന്തി.

അത്താഴമുണ്ട് നിദ്രയിൽ ആണ്ടതിനാലാകും, ഭഗ
വാൻ-
പോലും എൻ നിലവിളി കേൾക്കാതെ പോയത്.
ഇളംങ്കാറ്റിനു പോലും അപ്പോൾ ചുടുചോര തൻ
ഗന്ധം,
മൂകസാക്ഷിയായി ചന്ദ്രിക എന്നെനോക്കി
കണ്ണീർപൊഴിച്ചു.

സ്ത്രീയെ ദേവിയായി കാണുന്ന ഭാരത
പൈതൃകത്തോട് പുച്ഛമാണ് എനിക്കിപ്പോൾ
രണ്ട് ദിവസം മാധ്യമങ്ങൾ കൊട്ടിഘോഷിച്ച്,
ഇര എന്ന നാമം നൽകി പരിഹാസപാത്രമാക്കും.



# ഇനിയും മരിക്കാത്ത ഭൂമി

നിന്നാസന്ന ഇനിയും മരിക്കാത്ത സ്മൃതിയിൽ നിന ക്കാത്മ ശാന്തി".

ഭൂമിക്ക് മരണമോ എന്ന വ്യാകുലത നെല്ലിട മാറ്റിയാൽ ഒ എൻ വി യുടെ ഈ വരികളുടെ പ്രസക്തി മനുഷ്യന് ദൃശ്യമാകും. ചരമഗീതം കുറിക്കാൻ കവിക്ക് മറ്റൊന്നും ചിന്തിക്കേണ്ടി വന്നിട്ടുണ്ടാകില്ല. കാരണം ഈ കൃതി രചിക്കപ്പെട്ട നാൾമുതൽ തന്നെ അല്ലെങ്കിൽ അതിനു മുമ്പോ ഭൂമി മരിച്ചു തുടങ്ങിയിരുന്നിരിക്കാം.

നീലഗ്രഹത്തിന് പ്രപഞ്ചോൽപത്തിയിൽ തുടങ്ങി കണക്കാക്കിയാൽ ഇന്നും പ്രായം പതിനേഴായിരിക്കാം. എന്നാൽ ചെറുപ്രായത്തിലേ ജരാനരകൾ ബാധിക്കപ്പെട്ട് യൗവ്വനമാണ് ഭൂമിക്ക് നഷ്ടമാകുന്നത്. അന്ന് സൂര്യനിൽ നിന്ന് അടർന്നെത്തി സർവ്വ ഊർജവും ആഗിരണം ചെയ്ത് പ്രപഞ്ചത്തിലെ ഏറ്റവും സുന്ദര കാഴ്ചകളെ ഉള്ളിൽ പേറുന്ന യുവതിയെ കവികളും നിരൂപകരും ആവോളം പുകഴ്ത്തിയിരുന്നു. ഇന്ന് വേലി തന്നെ വിളവ് മുടിക്കുന്നത് കണ്ട് അവരും അസ്വസ്ഥരാകുന്നുണ്ടാവാം.

മാറ്റമില്ലാത്തതായ് ഒന്നുമില്ലെന്ന് പറയുമ്പോഴും, ആ മാറ്റത്തെ അനിവാര്യമാക്കി തീർത്ത് പ്രകൃതിയും ഭൂമിയുടെ ചുരുളഴിയാത്ത നിയമങ്ങളിൽ പങ്കുചേരുന്നു. ഓരോ പ്രളയം ഓരോ വരൾച്ചയും അതിന് ഉദാഹരണമാണ്. കോടിക്കണക്കിന് വർഷം തണുത്തുറഞ്ഞും മഴപെയ്യിച്ചും അളവിലധികം യാതനകൾക്കൊടുവിൽ ഗർഭപാത്രത്തിൽ കുഞ്ഞിനെ പേറുന്ന മാതാവിന്റെ സഹനശക്തിക്ക് തുല്യമായ് തന്നെ ഭൂമി ഇവിടുത്തെ പ്രകൃതിക്കും അതിലെ സുന്ദരകാഴ്ചകൾക്കും ജീവൻ നൽകി. അമ്മയെ തള്ളിപ്പറയുന്ന മക്കളുള്ള കാലഘട്ടത്തിൽ ഭൂമിയുടെ ഈ യാതനകൾക്ക് വില കൽപ്പിക്കപ്പെടുന്നില്ല എന്നതിൽ അതിശയോക്തിയില്ല.

നമുക്ക് കണ്ടും കേട്ടും ആസ്വദിക്കാൻ ഭൂമി തന്നതെല്ലാം നാം കൊണ്ടും കൊടുത്തും നശിപ്പിക്കുന്നു. വാസ്തവത്തിൽ ഇവിടെയാണ് മഹാത്മഗാന്ധിയുടെ സന്ദേശം പ്രസക്തമാകുന്നത്. 'മനുഷ്യന് ആവശ്യത്തിനുള്ളതെല്ലാം ഈ ഭൂമിയിലുണ്ട്. എന്നാൽ അവന്റെ അത്യാഗ്രഹത്തിനുള്ളതൊന്നും ഇവിടെ ഇല്ല തന്നെ'.


അതെ, നമ്മുടെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ ഭൂമിയിൽ ഒന്നുംതന്നെയില്ല. ഇവിടെ പറഞ്ഞുവരുന്നത്, ഭൂമിക്കായ് മെഴുകുതിരി കത്തിച്ച് കൂട്ട പ്രാർത്ഥന നടത്തുന്നവരെ കുറിച്ചല്ല. മലനിരത്തി, മരമകത്തി, പുഴമരിച്ച്, വായുവകന്ന് ഗ്രഹം ഒരു ഗൃഹമല്ലാതായിരിക്കുന്നു. മാറ്റങ്ങൾക്കായി പ്രകൃതി പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു ഓരോ പ്രളയവും ഓരോ പ്രകൃതിക്ഷോഭവും നമുക്ക് കാട്ടിത്തരുന്നത് "മനുഷ്യാ നീ ഈ മണ്ണിൽ ജീവിക്കാൻ യോഗ്യനല്ല". എന്ന ഭൂമിയുടെ പ്രസ്ഥാവനയാണ്.

കവി ഭൂമിക്ക് ചരമഗീതമെഴുതിയപ്പോൾ, മറ്റൊരു കഥാകാരൻ ഈ ഭൂമിക്ക് അവകാശികളെ തിരയുകയായിരുന്നു. ഇവിടെ വസിക്കാൻ മനുഷ്യന് വാടകക്കാരന്റെ വേഷമാണ് ധരിക്കേണ്ടി വരുന്നതെന്ന് ബഷീർ ഓർമിപ്പിക്കുന്നു. എന്തുതന്നെയായാലും പ്രകൃതി ഉഗ്രരൂപണിയാണെന്ന് നാം ഇടയ്ക്കെങ്കിലും ഓർക്കുന്നുണ്ട്.

ആണവായുധം പരീക്ഷിക്കുമ്പോഴും, കാർഷികവൃത്തിക്കായ് കാടുനശിക്കപ്പെടുമ്പോഴും പുഴയെയും കടലിനെയും വരെ കീറിമുറിച്ച് സൗധങ്ങൾ പണിയുമ്പോഴും നാം ഓർക്കേണ്ടത് അടുത്ത തലമുറയ്ക്കായ് നമുക്ക് നൽകാൻ ശാശ്വതമായ് എന്തുണ്ട് എന്നതിനെക്കുറിച്ചാണ്. വർഷംതോറും സമുദ്രത്തിൽ നിക്ഷേപിക്കപ്പെടുന്ന മാരകങ്ങളായ മാലിന്യങ്ങളെ തിരിച്ച് മനുഷ്യന്റെ കയ്യിലേക്ക് തന്നെ, അൽപം ക്രൂരമെങ്കിലും ബുദ്ധിപൂർവം ഭൂമി തിരികെ പ്രകൃതി എത്തിക്കുന്നുണ്ട്. 2004 ലും അതിനു മുമ്പുമായ് നടന്നിട്ടുള്ള സുനാമി ദുരന്തങ്ങൾ, ന്യൂട്ടന്റെ മൂന്നാം ചലനനിയമത്തിന് ഉദാഹരണമാണെന്ന് നിസ്സംശയം പറയാം.

ഇനി ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താം. ഭൂമി അന്നും ഇന്നും എന്നും വാസയോഗ്യമാണ്. എന്നാൽ അതിന് ഭീഷണിയാകും വിധം ചൂഷണപ്രവർത്തനങ്ങൾ നടത്തുന്ന മനുഷ്യർ ഇവിടെ വസിക്കാൻ യോഗ്യനല്ല. നമുക്ക് ആവശ്യത്തിനുള്ളതെല്ലാം ഇവിടെയുണ്ട്. നാം നശിപ്പിക്കാൻ ശ്രമിക്കുമ്പോഴും ഭൂമി അതിനെയെല്ലാം അതിജീവിക്കും. എന്നാൽ മനുഷ്യന് അതിനാവില്ല. കാരണം അത്ര ഭയാനകമാണ് പ്രകൃതിയുടെ പ്രതികരണം.

മരങ്ങൾ നടാനും, ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കാനുമൊക്കെ ആലങ്കാരികമായ പറയാം. എന്നാൽ നഷ്ടപ്പെട്ടവയെല്ലാം അമൂല്യങ്ങളാണ്. ചില ഓർമ്മകൾ പോലെ എത്ര ശ്രമിച്ചാലും അവയെ നിലനിർത്താനോ മടക്കികൊണ്ടുവരാനോ സാധിക്കില്ല. നമ്മൾ ഈ മണ്ണിന്റെ അവകാശികൾ അല്ല എന്ന ഉത്തമ ബോധ്യത്തോടെ ജീവിക്കുക എന്നതെ ഇനി ഒരു മാർഗമുള്ളൂ.



# മൂഢ സ്വർഗ്ഗം

മേനിയിൽ പതിഞ്ഞരാതുള്ളികൾ ഇന്നും
എൻ മനസ്സിന്റെ താളത്തിൻ വിപരീതമായ്
അറിയില്ല ഇന്നുമെൻ മനസ്സ് പിടയുന്നു
എൻ പ്രിയതമന്റെ സമ്മാനത്തിനാൽ

ആസിഡെന്നാരോ നാമകരണം ചെയ്താദ്രാവകം
എന്നിൽ പടർന്നവരുമ്പോൾ-
തേങ്ങുമെൻ മനസ്സ് ഞാനറിയാതെ....
എൻ പ്രിയതമനേക്കാൾ സ്നേഹമതിനായിരു-
ന്നെന്ന അതിശയത്തിലാണ് ഞാനേറെയും

കണ്ടമാത്രയിൽ തന്നെ ആഴത്തിൽ എന്നിൽ
അത് ഇഴകിചേരുമ്പോൾ എന്നിലെ
ഇരുണ്ട നിറമെന്തെ അത് കാണാഞ്ഞൂ??
നിറവ്യത്യാസങ്ങൾ മാനവർക്കല്ലോ അത്
സ്മരിച്ചത് എൻ തെറ്റ് തന്നെയല്ലോ....

കണ്ണീരിനാൽ മറക്കണമെനിക്കാ ഓർമ്മകളെ
മൗനമാകുന്ന ആഴിയിൽ നിന്ന്
പുനർജനിക്കണമെനിക്കിന്ന്
ഒരു പുതുപുലരിതൻ ലാവണ്യത്തോടെ
വർണ്ണചിറകുള്ള പക്ഷിയായ് പറക്കണമെന്നിനിക്ക്
അനന്തതയെ എൻ ചിന്തകളാൽ
കീഴ്പ്പെടുത്തണമെനിക്കിന്ന്.

സ്വപ്നമാകുന്ന മൂഢസ്വർഗ്ഗത്തിൽ നിന്നും
ഞാനിന്ന് പുറത്താകിനാൽ
കർമ്മമാകുന്ന ധർമ്മത്തിൽ വഴിയെ ഇനി-
എൻ ജീവിതം അതിജീവനത്തിനായ്.



# മൈലാഞ്ചി കൈകൾ സദ്യയുണ്ടപ്പോൾ..

ഇന്നലെ പെയ്തവൾ, ഇന്നും തുടരുന്നിതാ-
സംഹാരതാണ്ഡവമായി മാറിയൊടുവിൽ
ഗ്രീഷ്മത്തിന്റെ സൗന്ദര്യവും വർഷത്തിന്റെ
സംഗീതവും നിലച്ചൊടുവിൽ, അതൊരു
കദന കഥയായി

വർഷക്കെടുതി തീരാന്നോവായി മാറിയോ?
മനുജാ, നിൻ ശിരസ്സു പിളർന്നിതാ!
ധാരയായിയൊഴികയവൾ പിന്നെയിതാ-
ഘോരമായിയാഘോശിക്കുകയായി

ഹൈന്ദവക്രൈസ്തവമുസൽമാനോ എന്നില്ലാതെ
ജീവന്റെ കണികയ്ക്കായി യാചിക്കുന്നു
ഉദരത്തിലെ നാദത്തെ മുറുകെ പിടിച്ചവൾ
മാനത്തേയ്ക്കുയർന്നിന്ന് ദൃഡനിശ്ചയത്താൽ.

വലവീശും കൈകൾ കോർത്തിണക്കിയിതാ,
ചങ്ങലമെനഞ്ഞ് മതിലുകളാക്കി
വാമനസമം ചവിട്ടിത്താഴ്ത്തിയ കാലുകൾക്കാ-
യിന്ന് താങ്ങും തണലുമായി മാറിയവർ നിസ്സംശയം!

വേരുകൾ മുങ്ങി, ചില്ലകളൊടിയവെ,
വഴിയോരങ്ങളിലൊഴുകി നടക്കുന്ന മേൽക്കൂരകൾ
പിന്നെയും പിന്നെയവളുടെ കൂരമ്പുകൾ കുത്തവെ
കാതിലലയ്ക്കുന്നു പിന്നാമ്പുറത്തെ പെരുമ്പുറങ്ങൾ
അന്നരിഞ്ഞിട്ടൊരു ചില്ലയും കൂടും പിന്നെ,
വറ്റിച്ച് തീർത്തവശയാക്കിയ തടാകപുഴകളും

കേണില്ലേ നിന്നോട് അരുതരുതെന്നാൽ
കേട്ടില്ലയോ അന്നീ അലമുറലുകളൊന്നും.

ചുറ്റും പുതപ്പും കുഞ്ഞുടുപ്പും, ഒപ്പമിന്നീ-
യക്ഷരമാലയും പ്രാണനാം നായയും
എങ്ങോട്ടെന്നില്ലാതെയലയുന്നു തെരുവിൽ
ആരോരുമില്ലായോശ്വസിപ്പാനവരെ!

സംഘങ്ങളായവർ ഒത്തുചേർന്നുപെടുന്നനെ,
ജാതിയും മതവും നിറവുമില്ലവിടെ
അമ്മക്കിളി കുഞ്ഞിനായി കരുതും വിധേ -
യവരും കൂട്ടിയന്നവസ്ത്രാദികൾ

നടതുറന്നുപിന്നിലെയത് കുടിലായിമാറി
അൾത്താരയിൽ അവരെണ്ണിയത് തസ്ബുമുത്തുകൾ
കുരിശുമാലയും മൈലാഞ്ചികൈകളുമൊത്ത്
ഇലയിട്ടുണ്ണുമീ, തിരുവോണനാളിൽ

പങ്കായകൈകളും, വള്ളിക്കുടിലിലുമായിനിന്നവർ
ഒരുമയായി നിന്നിതാപത്ഘട്ടത്തിൽ,
ഒടുവിൽ അവളൊന്ന് ശമിച്ചപ്പോളിതാ, വീണ്ടും
കത്തിയും കുത്തുമായി മാറി ജനനി.

എന്തേ മനുഷ്യാ, പ്രളയം വേണമോ,
നിന്നുടെ സ്നേഹത്തെയാർത്തലയ്ക്കാൻ.
കാര്യം കഴിഞ്ഞപ്പോ നൻനിറം കാട്ടിയ
നീയെന്ന് നാടിനുനല്ലവനാകും?



# മരം ഒരു വരം

ഭൂമി ഹരിതാഭ കൊണ്ട് ജീവനെ നിലനിർത്തുന്ന സൗരയൂഥത്തിലെ ഏകഗ്രഹം ജീവൻ പുലരാൻ സമുദ്രങ്ങളും കുന്നുകളും മലനിരകളും അരുവികളും വൈവിധ്യങ്ങളിൽ വൈവിധ്യങ്ങളാർന്ന ജീവജാലങ്ങളും. ഒ. എൻ. വി തികച്ചും അറി ഞ്ഞെഴുതിയത് തന്നെയാവണം. “ഭൂമിക്കൊരു ചരമഗീതം ”. ഇനിയും മരിക്കാത്ത ഭൂമി നിന്റെ ശിരസ്സുകളിൽ ഞാൻ ഒന്ന് നമീച്ചീടട്ടെ.

പ്രകൃതി അമ്മയാണ്. ദേവിയാണ്. നമുക്ക് ചുറ്റും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കിരാതന്മാരുടെ കറുത്ത കൈകൾ നമ്മെ ഏറ്റവും വലിയ പ്രകൃതി ദുരന്തത്തിലേക്കാണ് എത്തിക്കുന്നത്. വനനശീകരണവും നെൽവയലുകൾ മണ്ണിട്ടു നിരത്തുന്നതും മലയിടിക്കുന്നതും മണലൂറ്റുന്നതുമെല്ലാം തുടങ്ങി അതിഗുരുതരമായ കാലാവസ്ഥ വ്യതിയാനങ്ങളിലാണ് ഇത് പ്രതിഫലിക്കുന്നത്. എൽനിനോയും ആഗോളതാപനവുമെല്ലാം നമ്മുടെ അന്തരീക്ഷത്തിന്റെ ഭൂമിയുടെയും സാധാരണ ഘടനകൾക്ക് ക്ഷതമേൽപ്പിക്കുന്നു. നമുക്കറിയം, നാം പഴയകാലത്തേക്ക് നോക്കിയാൽ വളരെയധികം ജനങ്ങളും കർഷകരായിരുന്നു. കർഷകവൃത്തിയെന്നത് നമ്മുടെ ഉത്സവമായിരുന്നു. വയലുകളും കൃ

ഷിയിടങ്ങളും മലനിരകളുമെല്ലാം നാടിന്റെ അലങ്കാരമായിരുന്നവയെല്ലാം മറഞ്ഞ്, വ്യവസായശാലകളുടെ ചവററുകുട്ടകളായി മാറിയിരിക്കുന്നു. ജലമലിനീകരണമെന്നുപറയുന്നത് നാം ഇന്ന് നേരിടുന്ന ഏറ്റവും ഗൗരവമേറിയ വിഷയമാണ്.

അന്തരീക്ഷം ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുന്നു. അതെ, നമ്മുടെ രാജ്യത്തിന്റെ സ്വന്തം തലസ്ഥാനമായ ന്യൂ ഡൽഹിയുടെ ഇ ന്നത്തെയവസ്ഥ. കണ്ണ് നനയിക്കുന്നത്. വായുമലി നീകരണം കാരണം ദൈനംദിന കാര്യങ്ങളിൽ പോലും ഏർപ്പെടാൻ കഴിയാത്ത അവസ്ഥ. എന്തിന് ഏറെ പറയുന്നു. കേരളത്തിൽ തന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രളയത്തിന്റെ രൂപാന്തരങ്ങൾ, ചുഴലിക്കാറ്റുകൾ, ന്യൂനമർദ്ദങ്ങൾ, അതിശക്തമായ ചൂട് ശക്തമായ ശൈത്യം മാറിമാറി വരുന്ന പ്രകൃതിദുരന്തങ്ങൾ, ഭൂമികുലുക്കങ്ങൾ, ഉരുൾപൊട്ടലുകൾ ഇതെല്ലാം നമുക്ക് വരാൻ പോകുന്ന വൻ വിപത്തിന്റെ അടയാളങ്ങളാണ്.

ശാസ്ത്രസാങ്കേതിക രംഗം തഴച്ചു വളരുമ്പോൾ അത്യുന്നതങ്ങൾ കീഴടക്കുമ്പോൾ ബഹിരാകാശഗവേഷണരംഗം പുരോഗതിയാർജിക്കുമ്പോൾ നാം ഭൂമിയെ കാത്ത് സൂക്ഷിക്കുന്ന ഓസോൺ പാളിയെ മറക്കുന്നു. ശീതീകരണികളുടെ ഉപയോഗം വർദ്ധിക്കുമ്പോൾ പുറത്തു വരുന്ന ഹരിതഗൃഹവാതകങ്ങളായ ഇീ2, ഇഒ4 & ഇീ മെല്ലാം വലിയ സുഷിരങ്ങളാണ് ഉണ്ടാക്കുന്നത്. ഭൂമിയെ അനുദിനം താപവികരണങ്ങളിൽ നിന്നും മാരകമായ ഇൻഫ്രാറെഡ് രശ്മികളിൽ നിന്നുമെല്ലാം തടഞ്ഞുനിർത്തുന്ന സംരക്ഷണ പാളി ശിഥിലമാകുകയാണ്. അതിനെ നാം ആഗോളതാപനമെന്നോ ഹരിതഗ്രഹപ്രഭാവമെന്നുമൊക്കെ പേരിട്ടു വിളിച്ചാലും എന്തെ നമ്മൾ നിസ്സഹായരായി മാറുന്നത്?

**"മരതകക്കാടുകൾ തിങ്ങിതിങ്ങി**
**മലരണി പൊയ്കകൾ വിങ്ങിവിങ്ങി"**

എന്നുള്ള ചങ്ങമ്പുഴയുടെ കവിതകൾ കേവലം ഒരു ഓർമശീലം മാത്രമാവുകയാണ്.

ഒരു മരം മുറിക്കുമ്പോൾ ഒരു ആ വാസവ്യവസ്ഥകൂടിയാണ് നശിപ്പിക്കപ്പെടുന്നത്. അതിന്റെ ശിഖരങ്ങളിലെ പക്ഷികളും മുട്ടകളും കായ്കനികളും അതിന്റെ ആശ്രയിക്കുന്ന പ്രാണികളും അങ്ങനെ ഒരു വൻ ശൃംഖലയാണ് പിന്നീട് ഇല്ലാതാവുന്നത്. വംശനാശം കാരണം റെഡ്ഡാറ്റബുക്കിൽ ഇടം നേടിയ ഓരോ ജീവി ജീവജാലങ്ങൾക്കും ചെടികൾക്കുമുണ്ട് മനുഷ്യരുടെ കറുത്തകരങ്ങളെ പറ്റി പറയാൻ.

മണ്ണിന്റെ മലിനീകരണം കാരണം മണ്ണിന്റെ സ്വാഭാവിക ഘടനയിൽ ഇന്ന് ഗണ്യമായ മാറ്റങ്ങൾ വന്നിരിക്കുന്നു. കൃഷിയിടങ്ങളിലെ രാസവളങ്ങളും ഉപയോഗവും കീടിനാശിനി പ്രയോഗവും വ്യവസായശാലകളുടെ മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളുമെല്ലാം മണ്ണിനെ ഭൂമിയുടെ അടിത്തറയെ നാശം വിതക്കുന്നു.

ജലമലിനീകരണവും മണ്ണ് മലിനീകരണവും വായുമലിനീകരണവുമെല്ലാം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈയൊരവസരത്തിൽ ജലത്തിന് വേണ്ടിയായിരിക്കും ഇനിയൊരു ലോകമഹായുദ്ധമെങ്കിൽ അതൊന്ന് പറയുന്നതിനു നാം മാനിക്കേണ്ട കാലം അതിക്രമിച്ച് കഴിഞ്ഞു. നമ്മെപോലുള്ള ഓരോ കുട്ടികളുമാണ് ഇനിയുള്ള ഭൂമിയുടെ കാവൽക്കാർ. തിക്കിലും തിരക്കിലും ജീവിതസാഹചര്യങ്ങളിൽ മുഴുകിയിരിക്കുന്നവർക്ക് നാം ഒരു മാതൃകയാവേണ്ടതുണ്ട്.

പ്രകൃതിയെ സ്നേഹിക്കുക, സംരക്ഷിക്കുക. ജീവിതത്തിന്റെ ഭാഗമാക്കുക. "മരം ഒരു വരം" എന്ന ആപ്ത വാക്യം മറക്കാതിരിക്കുക.



# ഭൂമി എന്റെ മാതൃലോകം

ജീവൻ എന്ന ഒരു പ്രാധാന്യമർഹിക്കുന്ന കാര്യത്തെ ഇത്രയും അർത്ഥവത്താക്കിയത് ഭൂമി എന്ന മാതൃലോകം ഇവിടെ ഉണ്ടായതുകൊണ്ടാണ്.

ഭൂമി ഓരോരുത്തരുടെയും ജീവനുമായി അല്ലെങ്കിൽ സൃഷ്ടിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പല പല വ്യത്യസ്ഥതയുള്ള ഹരിതാഭകരമായ കുളിർമയേകുന്ന ദൃശ്യം ഭൂമി എന്ന വാക്കിൽ നിന്ന് ഉൽപാദിപ്പിക്കാൻ ഓരോരുത്തരുടെയും മനസ്സിന് സാധിക്കുന്നു. മരങ്ങളും,പക്ഷികളും മൃഗങ്ങളും നിറഞ്ഞ വനപ്രദേശങ്ങൾ കൂറ്റൻ മരങ്ങൾ വായുവിൽ ചലിക്കുന്നത് കാണാൻ കഴിയുന്നു. ആ ഓരോ ചലനങ്ങളും നമ്മുടെ മനസ്സിനെ ചഞ്ചലപ്പെടുത്തുന്നു. സൃഷ്ടിയിലൂടെ ഉടലെടുത്തതാണ് മനുഷ്യർ. അവർക്ക് ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഭൂമിയിൽ ഒരുക്കിയിട്ടുണ്ട്.

പുഴകളും നദികളും മറ്റു ജലസ്രോതസ്സുകളും ഭൂമിയിൽ ജീവിതരശ്മികൾ സഹായിക്കുന്നു. വിശപ്പിന്റെ കാഠിന്യം അറിയാതിരിക്കാൻ ദൈവം ഭൂമിയിൽ വൃക്ഷങ്ങളും പല പല ഭക്ഷ്യഫലങ്ങൾ സൃഷ്ടിച്ചിരിക്കുന്നു.

പ്രകൃതി സൗന്ദര്യം കണ്ട് ആസ്വദിക്കാനും ബുദ്ധിയും വിവരവും മനുഷ്യരുടെ തലച്ചോറിൽ നിറച്ചിരിക്കുന്നു ദൈവം. നെൽവയലുകളിൽ ഞാറുനടുന്നതായ പാടങ്ങൾ ചളിപൂണ്ടും പണിയെടുത്തും മനുഷ്യർ ഭൂമിയെ സസ്യശ്യാമളയാക്കുന്നു. ഭൂമി തന്റെ അമ്മയെന്നപോലെ മനുഷ്യർ കണ്ടിരുന്ന നാളുകളുണ്ടായിരുന്നു.

കുമാരനാശൻ “ചിന്താവിഷ്ടയായ സീത” എന്ന കവിതയിൽ സീതയുടെ മനസ്സിന്റെ ചലനങ്ങളും ചിന്തകളും ഭൂമിയുടെ ഓരോ ചലനങ്ങൾക്കും വൃക്ഷലതാദികളുമായി താരതമ്യപ്പെടുത്തുന്നു. പൂക്കൾ ഓരോ ഇതളുകളായി കൊഴിഞ്ഞുവീഴുന്നതുവരെ കുമാരനാശാൻ സീതയുടെ ചിന്തകളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

ഓരോ ജീവനും ഭൂമിയിൽ ഉടലെടുക്കുമ്പോഴും അതിനെല്ലാം ഓരോ കർത്തവ്യങ്ങളായിട്ടാണ് ജനിക്കുന്നത്. ആ കർത്തവ്യങ്ങൾ ഭൂമി പറയുന്നതുപോലെ ചെയ്താൽ ഒന്നിനും ഒരു ദോഷമില്ലാതെ അപകടമില്ലാതെ ഈ ഭൂമിയിൽ നിന്ന് വിടവാങ്ങാം. ഓരോ ജീവജാലങ്ങളും ഓരോന്നിനെ അല്ലെങ്കിൽ മറ്റൊന്നിനെ ഭക്ഷിക്കുന്നു. ഇപ്പോൾ തന്നെ ഉദാഹരണമായി എടുക്കുകയാണെങ്കൽ ഒരു മൃഗം പുഴുവിനെ ഭക്ഷിക്കുകയാണ് ആ പുഴുവുമായി ഭക്ഷിക്കുന്ന മൃഗത്തിന് ബന്ധമുണ്ട്. കാരണം അവസാനം ഈ ഭൂമിയിൽ നിന്ന് വിടവാങ്ങുന്ന നിമിഷത്തിന് നമ്മുടെ ഈ ശരീരം ഭക്ഷിക്കുന്നതും പുഴുക്കളാണ്. അതുകൊണ്ടുതന്നെ ഭൂമിയിലുള്ള ഒന്നിനെയും വിലകുറച്ച് കാണരുത്.

ഫലങ്ങളും മറ്റും ഭക്ഷിക്കാനും മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വൃക്ഷങ്ങൾ ഇപ്പോൾ വനങ്ങളിൽ നിന്ന് അപ്രത്യക്ഷമാകുകയാണ്. മനുഷ്യർ തന്റെ അത്യാഗ്രഹംമൂലം മരങ്ങൾ വെട്ടി നശിപ്പിക്കുകയാണ്. അതിനാൽ വൃക്ഷങ്ങൾ കാരണം ഉണ്ടാകുന്ന പല പ്രതിഭാസങ്ങളും ഭൂമിയിൽ ഉണ്ടാകുന്നില്ല. അതിലൊന്നാണ് മഴയെന്ന പ്രതിഭാസം. അതോടെ ഭൂമി ചൂട് കൂടുന്ന സമയത്ത് വറ്റിവരണ്ടു പോകുകയും. മഴ പെയ്യേണ്ട സമയത്ത് അധികം മഴപെയ്ത് ദുരന്തങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു, അതുപോലെതന്നെ മഴവെള്ളത്തിന് ഒഴുകി പോകാനുള്ള ഓരോ വഴികളിൽ മനുഷ്യൻ മതിലുകൾ കൊണ്ട് കെട്ടിയടച്ചിരിക്കുന്നു. വൃക്ഷങ്ങൾക്ക് മഴവെള്ളം കെട്ടിനിർത്തി ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കാനുള്ളപങ്ക് വളരെയേറെയായിരുന്നു. എന്നാൽ ഇപ്പോൾ വൃക്ഷങ്ങളുടെ അസാന്നിദ്ധ്യംമൂലം ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നു. ഭൂമിക്ക് വേറൊരു വെല്ലുവിളിയായി നിൽക്കുന്നതാണ് അത് സ്വമേധയ മണ്ണിൽ ലയിച്ചു ചേരുന്നില്ല. മണ്ണിൽ തന്നെ കിടന്ന് അഴുകി പ്രകൃതിയെ മലിനപ്പെടുത്തുന്നു. ജലാശയങ്ങളിലും മറ്റും വനപ്രദേശങ്ങളിലും ജീവജാലങ്ങൾ അത് വലിയതോതിൽ വെല്ലുവിളിയാകുന്നു. മനുഷ്യരുടെ അത്യാഗ്രഹംമൂലം പ്രകൃതി ഇല്ലാതാകുന്നതാണ് നാം കാണുന്നത്. ആദ്യം തന്നെ പ്രകൃതി പ്രതികരിച്ചില്ലെങ്കിൽ ഈ നാളുകളിൽ പ്രകൃതി മനുഷ്യർ അതിനോട് ചെയ്തതിനെയെല്ലാം പ്രതികരിക്കുന്നു. അതിലൊന്നാണ് ഈയിടക്ക് സംഭവിച്ച പ്രളയം എന്ന ദുരന്തം.

എന്നാൽ മനുഷ്യർ തന്റെ അത്യാഗ്രഹം വിട്ട് ഒന്നുംതന്നെ ചെയ്യാൻ തയ്യാറാകുന്നില്ല. അതുമൂലം പല ജീവജാലങ്ങളും വിഷമിക്കുന്നുണ്ട്. കൂടെ മനുഷ്യർ തന്നെ പല ഫാക്ടറികളും വ്യവസായങ്ങളും സ്ഥാപിച്ച് അതിലെ മലിനജലം ജലസ്രോതസ്സുകളിലേക്ക് ഒഴുക്കിവിടുന്നു. അതും വലിയതോതിൽ ഭീഷണിയാകുന്നു.

ഇതിനെല്ലാം ഒരു പരിഹാരം വേണമെങ്കിൽ മനുഷ്യൻ തന്നെ തന്റെ ചിന്താഗതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഓരോ വൃക്ഷങ്ങളും നമ്മുടെ ആവശ്യത്തിനായി മുറിച്ചമാറ്റിയാൽ അതിന് പകരമായി അതിന്റെ ഇരട്ടിക്ക് മരങ്ങൾ നടണം. പിന്നെ ഭൂമിയെ മലിനമാക്കുന്നത് അതും പ്രത്യേകിച്ച് വായുവിനെയും മറ്റും മലിനമാക്കുന്നതെല്ലാം നമ്മളായിതന്നെ ഒഴിവാകുന്ന സ്വന്തം ഭൂമിയാകുന്ന ഭവനത്തെ ശുദ്ധമായി സൂക്ഷിക്കുക. പ്ലാസ്റ്റിക്കും മറ്റും ഈ ഭൂമിയിൽ നിന്ന് തന്റെ അതിന്റെ ഉൽപാദനത്തെ അപ്രത്യക്ഷമാക്കുക. അതുവഴി ഒരു പരിധിവരെ നമുക്ക് ഈ ഭൂമി വാസയോഗ്യമാക്കാൻ കഴിയുമെന്നാണ്. വ്യവസായങ്ങളിൽ നിന്നുണ്ടാകുന്ന മലിനീകരണങ്ങളും ഒരു പരിധിവരെ ഒഴിവാക്കാൻ ശ്രമിക്കാവുന്നതാണ്. വനത്തിന്റെ നാശം എന്ന് പറയുന്നത് ഈ ഭൂമിയുടെ തന്നെ നാശത്തെയാണ് സൂചിപ്പിക്കുന്നത്. അതിനെ വീണ്ടെടുക്കാനായാൽ നമുക്ക് ഭൂമിയെ ജീവനോടെ ഹരിതാഭമായ രീതിയിൽ തന്നെ തിരിച്ചു കൊണ്ടുവരാൻ സാധിക്കും. ഭൂഗർഭജലം വർദ്ധിപ്പിക്കുക, സിമന്റ് മെഴുകിയ മുറ്റങ്ങൾ ഒരു പരിധിവരെ ഉപേക്ഷിക്കുക. പണ്ട് ഉണ്ടായിരുന്ന ഭംഗിയാർന്ന ഒരു ഭൂമിക്കുവേണ്ടി പരിശ്രമിക്കുക. അവസാനം മണ്ണിനോടലിഞ്ഞ് അത് ഈ ഭൂമിയോടലിഞ്ഞ് ചേരുമ്പോൾ അത് വളമായി നമ്മളെ സ്വീകരിക്കുന്നതും ഈ വൃക്ഷങ്ങളാണ്. അപ്പോൾ തന്നെ ഭൂമിയിലുള്ള ഓരോന്നിനും അത് ഒരു മൺതരിക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഭൂമിയെ അതുകൊണ്ടുതന്നെ തന്റെ മാതാവായി കണ്ട്സംരക്ഷിച്ച് വാസയോഗ്യമാക്കണം. ഇതാവട്ടെ ഓരോരുത്തരുടെയും മുദ്രാവാക്യം.



# പെണ്ണിനൊരുങ്ങാൻ പൊന്ന്

പെണ്ണിനൊരുങ്ങാൻ പൊന്ന്, വീടിനൊരുങ്ങാൻ പൂന്തോട്ടം, നാടിനൊരുങ്ങാൻ വൻമരങ്ങൾ, ഭൂമിദേവിക്കൊരുങ്ങാൻ പച്ച പിടിച്ച തണൽ മരങ്ങൾ. കാലാകാലങ്ങളിലായി നാം കേട്ട് വരുന്ന ഭൂമിയുടെ നിയമങ്ങളാണല്ലോ ഇവ.

ദൈവം മനുഷ്യനെ സൃഷ്ടിച്ചു, അവന് വസിക്കാൻ ഭൂമി തന്നു, ഭക്ഷിക്കാൻ കായ്ഫലങ്ങൾ തന്നു. കൂട്ടിനായി മൃഗങ്ങളും ഉണ്ടായി. പക്ഷെ ഇന്ന്, ദൈവം നമുക്ക് വസിക്കാൻ തന്ന ഭൂമിയെ നാം തന്നെ നശിപ്പിക്കുകയാണ് നമ്മുടെ ആവശ്യങ്ങളായി. നമ്മൾ മരങ്ങളെ വെട്ടി നശിപ്പിച്ചു. കരകവിഞ്ഞൊഴുകിയിരുന്ന പുഴകൾ ഇന്ന് മാലിന്യപുഴകളായി മാറുകയാണ്, ജീവശ്വാസം ഏകിയിരുന്ന വായുവിൽ ഇപ്പോൾ വാഹനങ്ങളിൽ നിന്ന് ഉയരുന്ന പുക മാത്രമാണുള്ളത്.

2018–ലെ യു.എൻ. റിപ്പോർട്ട് പ്രകാരം, അമ്പത് വർഷത്തിനുള്ളിൽ ഈ ഭൂമിയിലെ വായു നമുക്ക് ശ്വസിക്കാൻ ആകാത്തത്ര വിധം അശുദ്ധമാകും. 2019 ലെ യു.എൻ. യോഗത്തിൽ പത്ത് വയസ്സുകാരിയായ സ്വീഡിഷ് ബാലികൃ ഗ്രീറ്റ് തർബർഗ്ഗ് പറഞ്ഞ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ ഉണ്ടാകട്ടെ. നമ്മൾ എന്തു ചെയ്യുകയാണ്? എന്നുള്ള അവളുടെ ചോദ്യം ഇവിടെ ഓർക്കുന്നു.

ഇതിൽപരം നമുക്ക് എന്ത് ചെയ്യാം എന്ന ചോദ്യമാണ് എന്ന് ഉയരുന്നത്. ഭൂമിക്കായി നമുക്ക് എന്തു ചെയ്യാം? നമ്മളായി നശിപ്പിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിദേവിയെ നമുക്കെങ്ങനെ സംരക്ഷിക്കാം?
ആദ്യമാറ്റം ചിന്താഗതിയിൽ ആകാം. എന്തും ഒരു നിമിഷം കൊണ്ട് നശിക്കാം എന്ന് മനസ്സിലാക്കണം. അത് കൊണ്ട് ഉള്ളതിനെ സംരക്ഷിക്കാൻ നമുക്കാവുന്നിടത്തോളം ശ്രമിക്കണം.

ശ്വസിക്കുന്ന വായുവിന്ന് തന്നെ ആകാം ആരംഭം വാഹനങ്ങളിൽ നിന്ന് ഉയരുന്ന മാലിന്യപുകകളെ മറികടന്ന് ഇന്ന് ബയോഫ്യൂവൽ ലഭ്യമാണ്. ഭൂമിയെ കാത്ത് സൂക്ഷിക്കുന്ന മരങ്ങളെ വെട്ടി നശിപ്പിക്കുന്നത് തടയുക എന്നുള്ളത് അടുത്ത ഒരു വലിയ നേട്ടമായിരിക്കും. ഇതിലൂടെ നമുക്ക് ശുദ്ധവായു ലഭിക്കുകയും ചെയ്യും.

വീടുകളിലും, ഫാക്ടറികളിലും നിന്ന് ഉയരുന്ന ജലമാലിന്യം നമ്മുടെ തടാകങ്ങളിലും കടലിലുമായി വന്ന് ചേരുന്നു. അതിൽ വസിക്കുന്ന മീനുകൾ ചത്ത് പൊങ്ങുന്നു. ഇത് തടയാൻ തടാകങ്ങളിലോട്ട് എത്തിചേരുന്നതിന് മുമ്പ് തന്നെ ഈ ജലമലിനീകരണം തടയാനുള്ള പദ്ധതികൾ ഉണ്ടാക്കിയെടുക്കണം ജലം ശുദ്ധീകരിക്കാനായി ഓസോൺ വായു ഉപയോഗിക്കുന്ന പല പദ്ധതികൾ വരെ ഇന്ന് ലോകത്ത് കണ്ടുപിടിച്ചിരിക്കുന്നു.

അവസാനമായി, നാം കാണാനാഗ്രഹിക്കുന്ന വ്യത്യാസം നാം തന്നെ ആകണമെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ടല്ലോ... അതിനാൽ നമ്മുടെ വീടുകളിന്നായിരിക്കണം ആദ്യത്തെ ആരംഭം. നാം നമ്മളെയും നമ്മുടെ പരിസരങ്ങളെയും സൃക്ഷിച്ചു തുടങ്ങുമ്പോൾ മറ്റുള്ളവരും അത് ചെയ്തു തുടങ്ങും.

അതിനാൽ ഭൂമിദേവിയേയും വൻ മരങ്ങളെയും കാത്ത് സൂക്ഷിച്ച്, ഒരു നല്ല നാളെയ്ക്കായി നമുക്ക് ഒരുമിച്ച് പൊരുതാം, ഈ ഭൂമിയെ വീണ്ടും നമുക്ക് വാസയോഗ്യമാക്കാം.



# ഇന്ന
## പ്രളയതീരത്ത്
# ഇനിയെത്ര ദൂരം

കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട്, പോസ്റ്റ്മാൻ ബെല്ലടിച്ചു; മിന്നുക്കുട്ടി ഓടിവന്നു വാതിൽ തുറന്നു. പോസ്റ്റ്മാന്റെ വരവ് അവളിൽ തെല്ലൊന്നുമല്ല സന്തോഷമുണർത്തിയത്. ചേട്ടായി എന്നും അവൾക്ക് പ്രിയങ്കരനായിരുന്നു. അവളുടെ ജീവൻ ആയിരുന്നു. അവൾക്ക് അച്ഛനും ഏട്ടനും ഒക്കെ 'ചേട്ടായിയായിരുന്നു. ആഹ്ലാദത്തോടെ അവൾ അടുക്കളയിൽ നിന്നും അമ്മയെ വിളിച്ചിറക്കി.

ഒരു 'കൊറിയർ ഉണ്ട്' എന്ന് കേട്ടപ്പോൾ തന്നെ അമ്മയിൽ പുഞ്ചിരി വിരിഞ്ഞു. ഒപ്പിട്ടു കൈപ്പറ്റിയ കൊറിയർ തന്റെ മകന്റെ പാസ്സ്പോർട്ട് ആണ്. അമ്മാവന്റെ കനിവിൽ വിദേശത്തേക്കൊരു നല്ല വിസ ശരിയായപ്പോൾ അപേക്ഷിച്ചതാണ് പാസ്പോർട്ടിനായി. എന്തായാലും നല്ലൊരു ദിവസം, എല്ലാ സന്തോഷമുള്ള ശുഭകാര്യങ്ങൾ നടക്കുമ്പോൾ മിന്നുക്കുട്ടിക്ക് കലണ്ടറിൽ പോയി തീയതി വട്ടമിട്ട് വയ്ക്കുന്ന സ്വഭാവമുണ്ട്. അന്നും അവൾ പേനയുമയി കലണ്ടർ ലക്ഷ്യമിട്ട് നടന്നു. 'ആഗസ്റ്റ് 16'.

വിസ ശരിയായി പാസ്സ്പോർട്ട് കിട്ടാറായി എന്ന അവസ്ഥ വന്നപ്പോൾ 'മനുവിന്' (നമ്മുടെ ചേട്ടായി തന്നെ). ഗൃഹാതുരത്വം വന്നു. മിന്നു കളിയാക്കും അവനെ, തൊട്ടവാടി ചേട്ടായി, ജോലി ശരിയാകുമ്പോൾ സന്തോഷിക്കയല്ലേ വേണ്ടെ. എന്തിനാ വിഷമിക്കുന്നത് എന്ന് സ്വന്തം നാട്, ഈ മലമേടും പെരിയാറിന്റെ കരയും, കുളിരുള്ള കാറ്റ് ഒക്കെ വിട്ട് അവൻ മരുഭൂമിയിലേക്കൊരു പാലായനം ബുദ്ധിമുട്ട് തന്നെയായിരു

ന്നു.

പിന്നെ എല്ലാ ചെറുപ്പക്കാരെയും പോലെ വീടു വയ്ക്കണം. പെങ്ങളുടെ ഭാവി ഒക്കെ ആലോചിച്ച് പഠിച്ച ഡിപ്ലോമ കോഴ്സ് കൊണ്ടൊരു വിദേശജോലി. അത്രയെ അവനും ചിന്തിച്ചിട്ടുള്ളൂ.

പോകും മുമ്പെ പണ്ട് ഇടുക്കി പബ്ലിക്ക് സ്കൂളിൽ കൂടെ പഠിച്ച ചങ്ങാതിമാരോടൊപ്പം ഒരു കറക്കം. ആ മാറ്റത്തിനായി പുറത്തേക്കിറങ്ങിയപ്പോളാണ് വീട്ടിൽ പാസ്പോർട്ട് വന്നൂന്ന് അമ്മയുടെ ഫോൺ. മനുവിന് ആ ജോലി ഒരു അനുഗ്രഹം തന്നെയായിരുന്നു. അച്ഛൻ ഇല്ലാതിരുന്ന കുടുംബത്തിന്റെ ഉത്തരവാദിത്വം അമ്മയിൽ നിന്ന് അവൻ ഏറ്റെടുക്കാൻ തയ്യാറായി.

കാർമേഘങ്ങൾ നട്ടുച്ചസമയത്ത് ഉരുണ്ടുകൂടുമ്പോൾ, പതിവല്ലല്ലോ എന്ന് ഓർത്തു. ഇടുക്കി ഡാമിലേക്ക് സന്ദർശകരെ പ്രവേശിപ്പിക്കുന്നില്ല എന്ന് പറഞ്ഞു എതിരെ വണ്ടികൾ വന്നപ്പോൾ അവനു പന്തികേടു തോന്നി. കാരണം കഴിഞ്ഞ ഒരാഴ്ചയായി നിർത്താതെ ചാറ്റൽ മഴയുണ്ടായിരുന്നു. ജലനിരപ്പ് കൂടുന്നുണ്ട്.

തിരിച്ചു കൂട്ടുകാരോടൊപ്പം ഭക്ഷണം കഴിച്ചു വീടെത്തിയപ്പോഴേക്കും സന്ധ്യയായി. മഴകനക്കുന്നുണ്ട്. ഓരോ മഴത്തുള്ളിയും ഭാരമേറിയതാകുന്നു. ചെറിയൊരു ആശങ്ക വീടിനെക്കുറിച്ചു അവന് തോന്നാതിരുന്നില്ല.

മേൽക്കൂരയ്ക്കും ചുമരുകൾക്കും അധികം ഉറപ്പില്ലാതൊരു പഴയ വീടാണത്. വീട്ടിലെത്തിയപ്പോഴേക്കും മുറ്റമെല്ലാം ചെളികുളം തന്നെയായിരുന്നു. മുട്ടോളം വരും ചെളിവെള്ളം. എങ്ങനെയോ ഉമ്മറത്തെത്തി. മണ്ണെണ്ണവിളക്കും ടോർച്ചും പിടിച്ച് അമ്മയും മിന്നുവും വാതിലിൽ തന്നെയുണ്ട്.

പെട്ടെന്ന് ഒരു കൊള്ളിയാൻ, ടോർച്ച് തറയിലിട്ട് പേടിച്ചു മിന്നു ചേട്ടായിയെ കെട്ടിപ്പിടിച്ചു വീടിന്റെ വലതു വശത്ത് നിന്നു ഒരു വല്യ ശബ്ദം. അമ്മ പെട്ടെന്ന് മക്കളെ ചേർത്ത് പിടിച്ചു 'ഉരുൾ പൊട്ടിയതാണ്. അവർ പേടിച്ചു പറഞ്ഞു.

പണ്ടൊരു ഉരുൾപൊട്ടലിലാണ്. വിധി അവരുടെ അച്ഛനെയും കൊണ്ട് പറന്നത്. ഭീതിയോടെ അവർ പകച്ചു നിന്നു. പ്രാർത്ഥിച്ചു. ഒരു വല്യശബ്ദത്തോടെ മലവെള്ളം ആർത്തിരമ്പി. അവർ വീട്ടിൽ നിന്നിറങ്ങിയോടി. കൈകൾ ചേർത്തു പിടിച്ചിരുന്നു. ഒഴുക്കിന്റെ ദിശയിൽ അവർ എങ്ങോട്ടേക്കോ ഒഴുകി. ആരൊക്കെയോ നിലവിളിക്കുന്നു. എവിടെന്നൊക്കെയോ പ്രകാശം. ഒന്നും വ്യക്തമാകുന്നില്ല. കാതുകളിൽ വെള്ളം കയറി, കണ്ണുകളിൽ ഇരുട്ടും. ഒന്നും ഓർമ്മയില്ല. പിറ്റേ ദിവസം ജീവനോടെ യുണ്ടാകുമോ എന്നുപോലും അറിയാൻ കഴിയാത്തൊരു അവസ്ഥ.

പക്ഷേ ദൈവാനുഗ്രഹം അവരെ മൂന്നുപേരെ തുണച്ചു. ഏതോ ഒരു സ്ക്കൂളിൽ മുറിയുടെ മേൽക്കൂരയായിരുന്നു മനു പിന്നെ അവ്യക്തമായി കണ്ടത്. ബോധം തെളിഞ്ഞപ്പോൾ, അവൻ പേടിയോടെ അമ്മയെയും അനുജത്തിയേയും തിരഞ്ഞു. അവർ സുരക്ഷിതരായി കൂടെയുണ്ടായിരുന്നു. അവർ മാത്രമല്ല, ഒരുപാടുപേർ. അപരിചിതർ, അപ്പോളാണ് അവിടെ നിന്ന് അറിയാൻ കഴിഞ്ഞത്. ഡാമിന്റെ ഷട്ടറുകൾ എല്ലാം തുറക്കേണ്ടി വന്നു, ജലനിരപ്പ് കൂടാതിരിക്കാൻ.

ചങ്ങലപ്പൊട്ടിയ ഒരു ഭ്രാന്തിയപ്പോലെ പ്രളയം നാടൊട്ടും അലറിവിളിച്ചു ഒഴുകുന്നു. സർവ്വം നഷ്ടമായ ഒരുപാടുപേർ കൂടെയുണ്ട്. ചിലർ കരയുന്നു. ചിലർ ഉറ്റവർക്ക് വേണ്ടി തിരയുന്നു. ചിലർ പ്രതീക്ഷ വറ്റാത്ത കണ്ണുകളുമായ് വിദൂരത്തേക്ക് നോക്കിയിരിക്കുന്നു.

മനുവിനും പ്രളയം ഒന്നു ബാക്കിവയ്ചിരുന്നില്ല. വീട് ഇരുന്ന സ്ഥലം തരിശ്ശുഭൂമിയായി കിടക്കുന്നു. അവന്റെ വിലപ്പെട്ട നിധികളായ അമ്മയും പെങ്ങളും കൂടെയുണ്ട് എന്ന ആശ്വാസം അവനിൽ ആത്മവിശ്വാസം ഉണ്ടാക്കി. പ്രളയക്കെടുതിയിൽ അവരെ ചേർത്തു പിടിച്ചു പറഞ്ഞു. "നിങ്ങളാണെന്റെ ശക്തി. നിങ്ങളാണ് എന്റെ സർവ്വവും, ഞാൻ എല്ലാം തിരിച്ചു പിടിക്കും. നമുക്ക് ഒന്നും നഷ്ടമായില്ല."

യാഥാർത്ഥ്യത്തെ, തെല്ലും ഭയമല്ലാതെ മനു ഉൾക്കൊണ്ടു, വെറുതേയിരിക്കാൻ കഴിയുന്നില്ല. അവനിറങ്ങി മറ്റുള്ളവർക്കായി, അവരുടെ സങ്കടങ്ങളും പ്രശ്നങ്ങളും അവന്റേതുകൂടെയായി. രക്ഷാപ്രവർത്തനത്തിനു വേണ്ടി കൈകോർത്തു. നാടിനെ വീണ്ടെടുക്കാൻ അവനാൽ കഴിയുന്നപോലെ അവൻ ഒപ്പം നിന്നു. നീണ്ട് രണ്ടാഴ്ചയിൽ മരണം മുഖാമുഖം പലവട്ടം കണ്ടും പക്ഷേ പിൻതിരിഞ്ഞില്ല. ആവേശത്തോടെ അവൻ രക്ഷകനായി. മറ്റൊന്നിൽ നിന്നും കിട്ടാത്ത ആത്മനിർവൃതി അവനുലഭിച്ചു.

ഒരു പ്രളയത്തിനും, നമ്മുടെ മനോബലവും ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും തകർക്കാനാവില്ല എന്ന് അവൻ ഉറച്ചു വിശ്വസിച്ചു. നന്ദിയോടെ, കണ്ണീരോടെ കുമ്പിടുന്ന പാവം ജനങ്ങൾക്ക് തുണ നൽകി പ്രളയം അവനിൽ കുളിർ മഴയായ് പെയ്തു.



# നീറുന്ന മുറിപ്പാടുകളായ്

“‘മലയാളതനിമയാടുന്ന
എന്നിലെ സ്പന്ദനങ്ങളെ
വേരോടെ ഇളക്കിമറിച്ചവളാണിവൾ
എന്തിനെന്നോ, ഏതിനെന്നോ ഒന്നുമറിയാതെ
നിശ്ചലമായി ഞാൻ നോക്കി നിന്നു.

ആദ്യം ഇരുകാലുകൾ എന്നെ തളർത്തി
പിന്നെ കൈകളായ്, എന്റെ ശിരസ്സുകളായ്.
ഓരോരോ ജീവകണികളായ് ഞാൻ നീങ്ങവേ!
കലിതുള്ളി അലമുറയിട്ട് നീന്തിതുടിക്കുന്നു.
ദിനരാത്രങ്ങൾ ഒന്നൊന്നായി മറയുമ്പോഴും
നാഡീഞരമ്പുകൾക്ക് ക്ഷതമേറ്റമാംവിധം
ഞാൻ മുങ്ങിതാഴുകയായിരുന്നു.
എന്തിനീ കൊടുംചതി എന്നോടാം?

മാവനഹൃദയങ്ങളെ, നിങ്ങൾ!
നിങ്ങളിൽതന്നെ
ഒന്ന് ഓർത്തെടുക്കുക!!!
എന്തിനും ഏതിനും വലംകൈകളായ് മാറിയ
എന്നെതന്നെ നിങ്ങൾ ഇതിനു ഇരയാക്കി?
ഈപാവമാം പെൺപൈതലിനെ

സാഗരഗർത്തങ്ങളിലേക്ക്
ചുറ്റിപ്പിണയുമ്പോൾപോലും
ഒരുസഹായകമാം ഹസ്തരേഖകൾ
ഞാൻ കണ്ടില്ല.
എന്നിലെ ഒരോരോ ജീവതുടിപ്പുകളും
പിടയുമ്പോൾ അതാ, എവിടയൊക്കെയോ
രക്ഷമനസ്സുകൾക്ക് തിരിനാളമേന്തുന്നു.

ഒരു ഭാഗത്ത് ഞാൻ മുങ്ങിതാഴുമ്പോഴും
മറുഭാഗത്ത് എന്നെ കരകളിലേക്കടുപ്പിക്കുമാം..........
നിങ്ങളോട് എനിക്ക് ഒന്നുമാത്രമേ
ചൊല്ലുവാനുള്ളൂ.
എന്നെ ബലിയാട് ആക്കിയ നിങ്ങൾതന്നെ
എന്നെ ജീവിതത്തിലേക്ക് നയിക്കുന്നു
ഓരോ മാനവഹൃദയത്തിനും ഞാനിതാ
കൃതഞ്ജത അർപ്പിക്കുന്നു.

ഇപ്പോഴിതാ ഒരു കൊച്ചുകിടാവേപ്പോലെ
ഞാൻ വേച്ചുവേച്ചു നടന്നുതുടങ്ങിയിരിക്കുന്നു
ജീവിതമാർഗ്ഗങ്ങൾ അലഞ്ഞുതിരിഞ്ഞ് നടക്കവേ
ഞാൻ ഇപ്പോഴും ഉണങ്ങിമാറാത്ത ഒരു
മുറിവായ്.......ആ മുറിവിന്റെ നീറ്റലിൽ!!!!”



# ജലമായുധമാണ്

ജലമായുധമാണ്
ധരിത്രിതൻ ഗർഭഗൃഹത്തിലെ
ഉറവവറ്റാത്തൊരായുധം
മഴയായയത് പെയ്തിറങ്ങി
സഹ്യപുത്രിതൻ മാറിലായൊഴുകി
-ത്തിമിർത്തതിഘോഷമായ്,
നഷ്ടസ്വപ്നങ്ങളായ്.....
മണ്ണിന്റെ മേലേ കടന്നൊരു
മകരാമൊരു ജനതയുടെ
നെഞ്ചിൽ കനച്ചതിക്രൂരമായ്
ചെളിയും ചവറുമായ് ഒഴുകി പരന്നത്,
മലയാളനാടിന്റെ മനസ്സിന്നു.
പെരുമവറ്റാത്തൊരാ ഹരിതാഭയൊക്കെയും
അലറിവിളിച്ചു പതിച്ചു ധരണിയിൽ
വറ്റിവരണ്ടു മരിച്ചൊരാ പൊയ്കകൾ
നിറഞ്ഞു, കവിഞ്ഞു, വിഴുങ്ങി
മനുജനെ.
ഇടിഞ്ഞു, തകർന്നു, പൊളിഞ്ഞു വീണു
അവൻ കെട്ടിയുണ്ടാക്കിയ
കൊട്ടാരമത്രയും
പട്ടിണിപ്പാവവും നാട്ടുപ്രമാണിയും
രണ്ടല്ല ഒന്നെന്നതോതിയൊഴുകി
ജലം.
ആയിരും മഴമാപിനിക്കുകത്തിലായ്
ജനകമ്പിളിക്കുള്ളിലമർന്നു
-വെൻകേരളം
പൊന്നും പണവും
പ്രതാപവുമൊക്കെയും
പ്രഭചോർന്നൊലിച്ചതാ പിണമായ്
നിൽപ്പുണ്ട്.
ജാതിയില്ല, മതം, വർണ്ണമില്ല
യന്ത്രപക്ഷിതൻ കനിവിനാ
ണേറ്റവും മുഖ്യത.
ഒന്നാണു മാനുജൻ, ഒന്നാണു നാമെന്ന്
ച്ചൊല്ലിപഠിപ്പിച്ചുതന്നു
ജലായുധം.
ഇനിയുമൊരു നാളെയുണ്ടാകും
പ്രതീക്ഷകൾ അണപ്പൊട്ടിയൊഴുകുന്ന
ഓണമുണ്ടാകും.
ഇനിയും പുൽനാമ്പുകൽ വിടരും
ഹരിതാഭനിറയും,
സൂര്യാംശു തെളിയും വെളിച്ചമായ്
എന്നിരുന്നാകിലും ഓർക്കുക,
സ്മരണയുടെ നീർപെപ്പിലോർ
-ത്തുവച്ചീടും നിത്യവും.
ജലമായുധമെന്ന്
ധരിത്രിതൻ ഗർഭഗ്യഹത്തിലെ
ഉറവവറ്റാത്തൊരായുധം.



# WHAT IF

What if you had not risen?
What would have happened.
If your wings were broken…
I stand still… and look afar…

Born with flying colours
Fairer than snow
You captured all minds
Your eyes shined like pearls

Days passed… nights passed
Your smiles brought love
The day came when you had to ,
Finally leave the nest
What if ..you hadn't left?

World welcomed you with open hands
But not with open minds…
Devilish eyes started falling on you
Are they looking for the next prey?
Foot steps on streets frightened you..

Dark hands fell upon you…. As if
You had diamonds between your thighs…
What if you had opposed them?
What if help came for you?

But alas..
Just as the phoenix bird,
You arised from ashes
You flew beyond the skies
Your wings had the strength to carry mountains…

The tongues which spoke against
The words which wounded you..
Forgot that you were engraved
In the palms of one's hand…

What if you had not risen that day ?
What if the tears drenched you ?
I salute you for your courage
You are a wonderful creation.



# TIP TOE

Fighting with my strength,
Struggling with my brain,
Before I fell unconscious
Trying to conquer my little area
With my torques legs

All I hear is my name
Loud enough as a siren
Flashing upon my ears
Boosting up my triceps
Life a pricking shock…

Stood up like a Lion
Censoring hot poking sand
Under my tender legs

Tripping red warm blood
Between my tip toes…

Chased with my toe tip
Like a prey deer!!
Reaching upon the red ribbon
Across my chest!!!
Conquering my worlds
With my admiring toe tip!!!



# WHAT IF

In the night before the entrance exam
When the  brain starts to sleep
The heart starts to shout out it feeling
What if I don't sleep?

What if I don't know the answer/
What if I don't get time to write?
What if I don't remember anything/
What if my water bottle spills
on the answer paper?

What if the pen stops working?
What if my answer paper flews the away?

What if I don't do well in the exam?
What if I don't reach the exam hall?
What if I die because of the heart
attack during the exam?

The speech of heart was completed
The clever brain listening to these questions
Makes a comment
Hey my heart sleep like me
The 'what if' is just a future
Live in present
And think one thing
What if all goes well?



# Miracle Nature

In a charming evening; a cup of tea in hand;
Took seat in side of my dreamy room;
Peeped through the wooden window pane.
Dancing butterflies, chirping birds, naughty squirrel,
Adoring sight of my greeny garden
Took me to a soothing world…..
Like Alice in wonderland; my calm mind roam,
Amusing memories of olden morn, sky full of foam.
And lusty green field full of golden rice,
Hand in hand, brother and me flies,
As hatter in the muddy nature's lap.
Being afraid of my mom's slap
We tumble in the mud and make browny dress
We "tiptoed" in the marshy land.

Childhood memories, filled with joy
Lightened through my playful mind
Suddenly rain drizzled ; a drop of  earth's weep
Make me live in the almost moment.
All are just loving memories which,
Become a tombstone in the modern life.
Sound of cascade, sight of golden rice field,
Now become a faded miracle
Marshy land is now dry as bone.
Once again I tiptoed in my life,
As I passed rotten smelling garbage land full
We are blessed in one way
Our next generation may "tiptoe" whole their life.



# Bubbles

Looking back with my inner eye
In the midst of night
Where only darkness covers me
On bloody dark!

Started before twenty sweet years
Tip toe barefooted
With the arms around my shoulders
Wings for life time

Oh… Maa God's beautiful gift
Happily bought me on earth
Sharing her life and soul
And fed me with herself…


Me Half a pact of his body and soul
Papa I have grown with
your love surround me
Conceived both in his heart and her womb
Bought me up as an angel
sharing and caring

Myself leaving with my prince
Soulmate, angel of my life
Will he be a devil for the
world from this night?
Oh No, let the morning be
charming and wonderful
Tip toe we walk
With his hands so tight
Holding my heart, blindly believing
Waiting to share his life time with me

I can hear his heart beat
As the roaring sea
I can see his eyes
Looking anxiously into future
I can feel the coldness
When he holds me tightly

Again we are moving tip toe
With joy and sorrow
Joy for the upcoming life
Sorrow for the upcoming child?

Pardon us Oh God!
Bless me, my parents but not with bloody tears
Hold me more close to your heart my hus
Let own child never repeat it again
Again again again……




# No 10

The runs were flowing
And the crowd was growing
But there was something missing still
It was the one with runs the size of the a hill

And it was then that a wicket fell down
In anticipation stood the entire town
Down the stairs he came
Bringing with him all glory and fame

The short gout , No 10 on his back
And the heavy bat that could give the ball a proper whack
He looked up to the skies
You could see the intensity in his eyes

This was the master's final knock
Laying curtains on a career where he had walked the talk
He was their beloved son
And the nation was expecting no less than a ton
The bowler ran up in full steam
And the ball pitched where he had deemed
The master appeared to be later on the ball
And this was exactly the reason for his fall

The crowd stood in stunned silence
To them this made no particular sense
The master started the long walk back
Even as the opposition got together in a pack

The crown began to filter out one by one
They had seen the last of their darling son
But the thought remained in the hearts of everyone What if the master had
scored that farewell ton



# "Dada"

Begin with a small step.
And then fell on the ground.
What if I hadn't done that
At the age of one
Then I would be crawling on the floor
With the four precious  limbs I have
What if I said the first word "Dada"
Instead of saying "mama"
Would I become a whole another level
What if the earth was flat
Just like a table top
I would be still wondering how about a sphere
What if the population was a common nation
Then the world we see today would be peaceful like heaven
Aint no world was gonna happen
And the earth would live long forever
What if I had wing just like an angel
People would have called me freak or just a demon
But "look at the bright side" I say
And I'll shoot to the sky pushing away my borders
Even though not learning how to fly
What if I never marry would my life be peaceful
"No dream you fool you never will" said the mighty God
What if I got MBBS instead of BDS
Would I be satisfied
"No you won't …wait you're already satisfied"
said the voice.
Family come first before money
What if I had a girlfriend would she become my
wife
Before you ask anything more
go and propose someone
Time flies while the pendulum swings
The one thing I have no control over
Hold on…
What if I could reverse the time
And become the time breaker
And I woke up from the nightmare
Pinching myself to check
'Ahh' I screamed it was a dream
Lying on the bed I thought
What if my life was a dream
What if the body recedes in me while my
Soul is drifting away
What if I'm just a storyteller
Telling my story to somebody.



# NARROW AISLE OF PAIN

"What if, like two silent ships in darkness we meet,
For you had love, out of my life you tore our shiny page
I want if we must part, remembrance pale to quiver in your heart
Like moonlit foam upon the shore.

What if, I grow a forest from the scorched earth of your soul,
For you had strength, to devour the core of monster,
I want you to shine  bright not getting to fear;
Like the moon with its scar being the fairest of all.

What if , I let you embrace life raw and cold,
For you lay abandoned like crimson red autumn leaves,
I want you to rely on your own sword rather than leave you disarmed;
Like the shore not being ashamed of the magnificent waves.

What if, I guide you to cross the
narrow aisle of pain,
For you had chaste and unrequited love,
I want you to rise and resurrect your soul;
Like a phoenix born out of ashes.

What if, I knit back those shattered pieces of your soul,
For you were scared and ripped apart by the monster's claw,
I want to once more forge your world to all gaiety;
Like the vary green of the hill kissed by the summer's delight.



# WHAT IF THE FEUDAL THOUGHTS

The Nereid's of my life swarmed ahead,
The pluck of epoch faded its way,
The ruths and treasures are to be found,
What if; nothing has changed it way?

What would happen if nothing changed?
And nothing go on by smashing the growth?
No soul would cry for his transient dreams,
No clock would yell for his vested time,
No sun would bring his sunshine worth,
And no moon would bring his peace of night.

What if nothing has changed its way?
And nothing go on as the soul says/

No damsel would bring her core of love,
No coffins would bring with its filling stuff,
No spring would bring his future seeds,
And no creature would cry for his squeezed post.

My feudal thoughts will charm its way
The nature path will weave its road
The sun and moon will save the days,
The damsel heart will flourish the souls,
Still my Achilles heel erudite that;
"What if nothing has changed"?



# JUST IN TIME

November 2nd Saturday

John went through the plan once last time in his head. If this worked out, he would have gotten rid of the biggest trouble in his life that had been bugging him for over a year now.
Maya, his wife was being stalked for once a year now. At first he had ignored her complaints, but later on he too realized the truth in it. Wherever they went out together, he always felt that their car was being followed. Someone frequently called on their land phone. Sometimes even late at night and on picking up, long silences and distant whisper could be heard saying 'Maya…Maya' . During the night the stalker could be standing across the street, clearly hidden in the shadows, blanking staring at their bedroom window. John had lodged a complaint with police but the stalker somehow manages to dodge the police officer who came to investigate. He even lay low for a few weeks till the heat had cooled off. The police concluded that it was all Maya's illusion and asked her to be braver.
John realized that there was no way out and decided to take the matter into his own hands. Even though Maya pleaded him not to take such a drastic step, he had already made up his mind.

November 3rd Sunday
John sat hidden behind a Honda city in the car park of Sundance Residential Complex.
Sundance residential complex, this was the apartment complex where the stalker lived. It had taken John a few months, but he had finally been able to follow the stalker to his apartment. He had register found the stalker's name to be Tony Costella from the apartment. Through the glasses of the Honda city he had a clear view of the entrance to the car park.
And it was then that he saw Tony entering the car park. He had a bag in his hand. He was probably going out of the town thought John.
John tightened his grip on the gun and steadied himself.
As Tony opened the trunk of his Toyota Scorpio John ran out from his hiding place took aim. The shot was fired.
He fall backwards from the impact of the bullet piercing his heart. John lay stunned on his back even as darkness began to enclose him.
Tony drove out of the car park with Johns body in the trunk of his car. He had managed to pull this off just in time thought Tony.

November 1st Friday
Tony sat in his apartment sipping coffee. He appeared to be enjoying the day.He was and heading out, when the phone rang.
“Hello darling. He has it planned for tomorrow”.”To it, Don't worry, I will be ready”
“Be careful, I love you' Tony”.
“I love you Maya”

# ONAM CELEBRATION

















# ONAM CELEBRATION


















# Water Filtering unit Inaguration













# WOMENS DAY


Golden Hills, Venkode P.O., Vattappara, Thiruvananthapuram.
NAAC Accredited Dental College
March- 8








2017


DENTAL SCIENCE & RESEARCH
NAAC Accredited Dental College


2017


2017




NAAC Accredited Dental College
2017

# WORLD ENVIRONMENTAL DAY













# WORLD NO TOBACCO DAY


















# WORLD NO TOBACCO DAY
















RESEAR
Patron
Dr. P.S. Thaha


PMS
COLLEGE OF DENTAL SCIENCE & RESEARCH
DENT
RESEAR
Principal
Dr. N.O. Varghese
Where wisdom is divine
PMS

# FACULTY TRAINING PROGRAM





PMS COLLEGE OF
DENTAL SCIENCE & RESEARCH

Golden Hills ,Vattappara,Trivandrum.695028
www.pmscollege.ac.in